2025JANUARY
07
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## എച്ച്എംപിവി ആശങ്ക; വിപണിയിൽ കനത്ത ഇടിവ്

**മുംബൈ:** രൂപയുടെ റെക്കോഡ് മൂല്യയിടിവും ഹ്യൂമൻ മെറ്റാന്യൂമോ വൈറസ് (എച്ച്എംപിവി) രോഗ ആശങ്കകളും ഇന്ത്യൻ ഓഹരി വിപണിയിൽ കനത്ത ഇടിവ് സൃഷ്ടിച്ചു. വിദേശ നിക്ഷേപകരുടെ പിന്മാറ്റവും നിയുക്ത അമെരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻറെ തീരുവ യുദ്ധ ഭീഷണിയും വിപണിക്ക് തിരിച്ചടി ശക്തമാക്കി. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് 1,258.12 പോയിൻറ് നഷ്ടത്തോടെ 77,964.99ൽ അവസാനിച്ചു. ദേശീയ സൂചികയായ നിഫ്റ്റി 388.70 പോയിൻറ് ഇടിഞ്ഞ് 23,616.05ൽ വ്യാപാരം പൂർത്തിയാക്കി. ഇന്ത്യയിൽ എച്ച്എംപിവി രോഗബാധ കണ്ടെത്തിയെന്ന വാർത്തകളാണ് നിക്ഷേപകരെ മുൾമുനയിലാക്കിയത്. കൊവിഡ് കാലത്തിന് സമാനമായ സാഹചര്യത്തിലേക്ക് ലോകം നീങ്ങുകയാണെന്ന ആശങ്കയിൽ നിക്ഷേപകർ വിൽപ്പന ശക്തമാക്കി. ഒക്റ്റോബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ കമ്പനികളുടെ ലാ



ഭവും വിറ്റുവരവും കുറയുമെന്ന വിലയിരുത്തലും തിരിച്ചടി രൂക്ഷമാക്കി.

ആഗോള മേഖലയിലെ അനിശ്ചിതത്വങ്ങൾ കണക്കിലെടുത്ത് വിദേശ നിക്ഷേപ സ്ഥാപനങ്ങൾ ഇന്ത്യൻ ഓഹരികൾ വിറ്റഴിച്ച് പണം തിരിച്ചുകൊണ്ടുപോകുകയാണ്. ജനുവരിയിലെ ആദ്യ മൂന്ന് വ്യാപാര ദിനങ്ങളിലായി വിദേശ ധനകാര്യ സ്ഥാപനങ്ങൾ 7,000 കോടി രൂപയിലധികം ഇന്ത്യൻ വിപണിയിൽ നിന്ന് പിൻവലിച്ചത്.

മുൻനിര ഓഹരികൾക്കൊപ്പം ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികളും തകർന്നടിഞ്ഞു. മെറ്റൽ, റിയൽറ്റി, ബാങ്കിങ് മേഖലകളിലെ ഓഹരികളാണ് തകർച്ചയ്ക്ക് നേതൃത്വം നൽകിയത്. ട്രെൻഡ്, ടാറ്റ സ്റ്റീൽ, ബിപിസിഎൽ, എൻടിപിസി, അദാനി എൻറർപ്രൈസസ് തുടങ്ങിയവയുടെ ഓഹരി വിലയിൽ അഞ്ച് ശതമാനത്തിനടുത്ത് നഷ്ടമുണ്ടായി. തുടർച്ചയായ രണ്ടാം ദിവസമാണ് വിപണി കനത്ത നഷ്ടം നേരിടുന്നത്.

ഓഹരി വിപണിയിലെ തകർച്ചയും വിദേശ നിക്ഷേപകരുടെ പിന്മാറ്റവും അമെരിക്കൻ ഡോളറിനെതിരെ രൂപയുടെ മൂല്യം പുതിയ റെക്കോഡ് താഴ്ചയിലെത്തിച്ചു. ഇന്നലെ ഡോളറിനെതിരെ രൂപ നാല് പൈസ നഷ്ടവുമായി 85.83ൽ അവസാനിച്ചു.

എച്ച്എംപിവി രോഗ വ്യാപനത്തെക്കുറിച്ചുള്ള ആശങ്കകളും അമേരിക്കൻ ബോണ്ടുകളുടെ മികച്ച പ്രകടനവും സുരക്ഷിത നിക്ഷേപമെന്ന നിലയിൽ ഡോളറിന് പ്രിയം വർധിപ്പിച്ചു.

## കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രാജിവച്ചു



**ഒട്ടാവ:** കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ രാജി വച്ചു. ലിബറൽ പാർട്ടിയുടെ കോക്കസ് യോഗം ചേരാനിരിക്കേയാണ് രാജി പ്രഖ്യാപിച്ചിരിക്കുന്നത്. ലിബറൽ പാർട്ടി നേതൃസ്ഥാനവും രാജി വയ്ക്കുന്നതായി ട്രൂഡോ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പുകളിലെ പ്രകടനം മോശമായതിനെത്തുടർന്ന് പാർട്ടിക്കുള്ളിൽ നിന്നു തന്നെ 53കാരനായ ട്രൂഡോക്കെതിരേ വിമർശനം ശക്തമായിരുന്നു. 9 വർഷമായി ട്രൂഡോ പ്രധാനമന്ത്രി പദത്തിൽ തുടരുകയായിരുന്നു.പാർട്ടിക്കുള്ളിൽ തന്നെ പോരാടേണ്ടി വരുമെന്ന് വ്യക്തമായി.അതിനാലാണ് പ്രധാനമന്ത്രി പദത്തിൽ നിന്ന് രാജി യ്ക്കുന്നതെന്നും ട്രൂഡോ വ്യക്തമാക്കി. കനേഡിയൻ പാർലമെൻറിൻറെ അടുത്ത സെഷൻ മാർച്ച് 24 വരെ നീട്ടി വയ്ക്കാനാണ് തീരുമാനം. ജനുവരി 27നാണ് പാർലമെൻറ് സെഷൻ പ്രഖ്യാപിച്ചിരുന്നത്. 2013 ൽ ലിബറൽ പാർട്ടി കടുത്ത പ്രതിസന്ധി നേരിട്ടു കൊണ്ടിരുന്നപ്പോഴാണ് ട്രൂഡോ പാർട്ടിയുടെ നേതൃത്വം ഏറ്റെടുത്തത്. 12 വർഷത്തിനു ശേഷം പാർട്ടി വീണ്ടും നേതൃമാറ്റം ആവശ്യപ്പെടുകയാണെന്നാണ് റിപ്പോർട്ടുകൾ. ഈ വർഷം കാനഡ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കും. ഖലിസ്ഥാൻ വിഘടനവാദിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇന്ത്യക്കെതിരേ ട്രൂഡോ നടത്തിയ വിമർശനവും വലിയ വിവാദമായി മാറിയിരുന്നു.

രണ്ടു വർഷം മുൻപാണ് ട്രൂഡോയുടെ ജനകീയത കുറയാൻ തുടങ്ങിയത്. വില വർധനവും ഉയർന്നു വരുന്ന കുടിയേറ്റവും ട്രൂഡോയെ പ്രതികൂലമായി ബാധിച്ചു. അടുത്ത തെരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടി അതിദയനീയമായി പരാജയപ്പെടുമെന്നാണ് പ്രവചനങ്ങൾ. പാർലമെൻറ് സമ്മേളനത്തിൽ അവിശ്വാസം അവതരിപ്പിക്കാൻ പ്രതിപക്ഷ പാർട്ടികൾ തയാറാണ്.

## ഛത്തീസ്ഗഡിൽ മാവോയിസ്റ്റ് ആക്രമണം; 9 ജവാന്മാർക്ക് വീരമൃത്യു

**റായ്പൂർ:** ഛത്തീസ്ഗഡിലെ ബിജാപുർ ജില്ലയിൽ സുരക്ഷാസംഘത്തിനു നേരെ മാവോയിസ്റ്റുകളുടെ ആക്രമണം. 9 ജവാന്മാർക്ക് വീരമൃത്യു. തിങ്കളാഴ്ച ഉച്ചയോടെയായിരുന്നു സംഭവം. ബസ്തർ മേഖലയിലെ കുത്രയിലേക്ക് പോകുകയായിരുന്ന ജവാന്മാർക്കുനേരെയാണ് ആക്രമണമുണ്ടായത്. 8 ജവാന്മാരും ഡ്രൈവറുമാണ് കൊല്ലപ്പെട്ടത്. വാഹനത്തിൽ 20 പേരാണ് ഉണ്ടായിരുന്നത്.

കുത്രു ബെദ്രെ റോഡിൽ സ്ഫോടകവസ്തു സ്ഥാപിച്ച് വാഹനം കടന്നു പോകുമ്പോൾ പൊട്ടിത്തെറിക്കുകയായിരുന്നു. കൂടുതൽ വിവരങ്ങൾ അന്വേഷിച്ച് വരികയാണെന്ന് അധികൃതർ അറിയിച്ചു.

## ഇന്നുകാണാം അന്താരാഷ്ട്ര ബഹിരാകാശ നിലയം തെക്ക്പടിഞ്ഞാറൻ ആകാശത്ത്

**കോഴിക്കോട്:** മാനത്തെ കൊട്ടാരമെന്ന് വിശേഷിപ്പിക്കപ്പെട്ട അന്താരാഷ്ട്ര ബഹിരാകാശ നിലയം(ഐ.എസ്.എസ്.) കഴിഞ്ഞ കാൽനൂറ്റാണ്ടിലധികമായി മാനത്ത് നമ്മുടെ തലയ്ക്കുമുകളിലൂടെ പല തവണ കടന്നു പോകാറുണ്ട്. വാനനിരീക്ഷണകുതുകികൾക്ക് സ്ഥിരം കാഴ്ചയാണിതെങ്കിലും ഇത് കാണാത്തവരായി ഒട്ടേറെപ്പേരുണ്ടിപ്പോഴും. അത്തരക്കാർക്ക് ചൊവ്വാഴ്ച രാത്രി ഒരു സുവർണാവസരമുണ്ടെന്ന് അമച്വർ വാനനിരീക്ഷകൻ സുരേന്ദ്രൻ പുന്നശ്ശേരി പറഞ്ഞു.

രാത്രി ഏതാണ്ട് 7.25ഓടെ അന്താരാഷ്ട്ര ബഹിരാകാശ നിലയം തെക്ക്പടിഞ്ഞാറൻ മാനത്ത് പ്രത്യക്ഷപ്പെടും. തുടർന്ന് വടക്ക് കിഴക്കൻ ദിശയിലേക്ക് നീങ്ങും. ശുക്രന്റെയും ചന്ദ്രന്റെയും സമീപത്തുകൂടി നീങ്ങി 7.30ഓടെ വടക്ക് കിഴക്കൻമാനത്ത് അപ്രത്യക്ഷമാകും. കേരളത്തിൽ എല്ലായിടത്തും ഇത് കാണാമെങ്കിലും പ്രാദേശികമായി സമയത്തിൽ ഏതാനും സെക്കൻഡുകളുടെ വ്യത്യാസമുണ്ടാകാം. ചിലയിടങ്ങളിൽ ഗ്രഹത്തെയും ചന്ദ്രനെയും മറ്റും മറച്ചുകൊണ്ടാണിത് കടന്നുപോകുക. 357 അടി നീളവും 240 അടി വീതിയും 89 അടി ഉയരവുമുള്ള ഈ പടുകൂറ്റൻ ആകാശക്കപ്പൽ ഭൂമിയിൽനിന്ന് ഏതാണ്ട് 400 കിലോമീറ്റർ ഉയരത്തിൽ മണിക്കൂറിൽ ഏതാണ്ട് 27,000 കിലോമീറ്റർ വേഗത്തിലാണ് കുതിക്കുന്നത്.

സുനിതാ വില്യംസ് അടക്കം ഏഴ് ഗഗനചാരികൾ ഇപ്പോൾ അതിലുണ്ട്. ഒരു സാധാരണ മൊബൈൽ കാമറയിൽ ഇതിന്റെ വീഡിയോ ദൃശ്യം പകർത്താം.



സൊസൈറ്റി ടുഡേ
SOCIETY TODAY

# പുത്തൻ കൃഷിരീതികൾ നടപ്പിലാക്കുന്നതിൽ ഭൂവിനിയോഗം പ്രധാനം : മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് പുത്തൻ കൃഷി രീതികൾ നടപ്പിലാക്കേണ്ടത് ആവശ്യമാണെന്നും അതിന് കൃത്യമായ ഭൂവിനിയോഗത്തിന് പ്രധാന പങ്കുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഭൂവിനിയോഗ ബോർഡ് മാസ്ക്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച തെങ്ങ് അധിഷ്ഠിത ഭൂവിനിയോഗവും മാറുന്ന കാലാവസ്ഥയും സെമിനാർ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഭൂവിനിയോഗത്തിന് സാറ്റലൈറ്റ് മാപ്പിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേർണിങ് തുടങ്ങിയ നവീനസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. കേരളത്തിലെ വിഭവങ്ങൾ, തണ്ണീർത്തടങ്ങൾ, മറ്റ് ജലാശയങ്ങൾ, ഓരോ കൃഷിക്കും അനുയോജ്യമായ ഭൂഘടന എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉണ്ടാകണം. ഭൂവിസ്തൃതിയിൽ കുറവുണ്ടാകുന്നതുൾപ്പടെയുള്ള കാര്യങ്ങൾ പഠനവിധേയമാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള വിശാലമായ സമീപനം അന്താരാഷ്ട്ര തലത്തിൽ സ്വീകരിക്കേണ്ടതാണ്. കാലാവസ്ഥ വ്യതിയാനം കാരണമുണ്ടായ പ്രളയം, വരൾച്ച, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് തുടങ്ങിയ ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയെയും കൃഷിരീതികളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത്തരം ദുരന്തങ്ങൾ പ്രതിരോധിക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്വന്തമായി ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കി വരുന്നു. ഭൂവിനിയോഗ ബോർഡിന്റെ കൈവശമുള്ള പഠനരേഖകളും ഇതിനായി പ്രയോജനപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ മൊത്തം കൃഷി വിസ്തൃതിയുടെ മുപ്പത് ശതമാനവും നാളികേര കൃഷിയാണ്. നാളികേര ഉൽപാദനത്തിൽ ഇടയ്ക്ക് പിന്നോട്ട് പോയെങ്കിലും കഴിഞ്ഞവർഷം ഒന്നാംസ്ഥാനം നമ്മൾ തിരിച്ചു പിടിച്ചിട്ടുണ്ട്. നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരഗ്രാമം പദ്ധതിയും, ആവർത്തന നടീൽ കൃഷിരീതിയും, ഇടവിള സമ്മിശ്ര കൃഷി രീതികളും കേരളത്തിലുണ്ട്. അതോടൊപ്പം പുത്തൻ കൃഷിരീതികൾ നടപ്പിലാക്കുന്നതിനുള്ള ഭൂവിനിയോഗ നടപടികളും സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭക്ഷ്യ വകുപ്പ് മന്ത്രി ജി ആർ അനിൽ അധ്യക്ഷത വഹിച്ചു. ഭൂവിനിയോഗ ബോർഡിന്റെ കൈപ്പുസ്തകവും സജലം പദ്ധതിയുടെ വെബ്സൈറ്റും മന്ത്രി പ്രകാശനം ചെയ്തു.

എം എൽ എമാരായ ആന്റണി രാജു, ഐ.ബി. സതീഷ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, മുഖ്യമന്ത്രിയുടെ സയൻസ് മെന്റർ എം. ചന്ദ്രദത്തൻ, പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് തുടങ്ങിയവർ പങ്കെടുത്തു.

# കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിന് ഇന്ന് തിരിതെളിയും

## 250 സ്റ്റാളുകൾ, 166 പ്രസാധകർ, 313 പുസ്തകപ്രകാശനങ്ങൾ, 56 പുസ്തക ചർച്ചകൾ

**തിരുവനന്തപുരം:** കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തിന് ഇന്ന് (ജനുവരി 7) തിരിതെളിയും. രാവിലെ 10.30ന് ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. മലയാള സർഗാത്മക സാഹിത്യത്തിന് നിസ്തുല സംഭാവന നൽകിയ എം മുകുന്ദന് മുഖ്യമന്ത്രി നിയമസഭാ അവാർഡ് സമ്മാനിക്കും. സ്പീക്കർ എ എൻ ഷംസീർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കർണാടക സ്പീക്കർ യു. ടി ഖാദർ ഫരീദ് മുഖ്യാതിഥിയാവും. പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിന്റെ സ്മരണിക പ്രശസ്ത സാഹിത്യകാരൻ ദേവദത്ത് പട്നായിക്ക് പ്രകാശനം ചെയ്യും.

ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സ്വാഗതം ആശംസിക്കും. പ്രതിപക്ഷനേതാവ് വി ഡി സതീശൻ, മന്ത്രിമാരായ വി ശിവൻകുട്ടി, സജി ചെറിയാൻ, ജി ആർ അനിൽ, പ്രതിപക്ഷ ഉപനേതാവ് കുഞ്ഞാലിക്കുട്ടി, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ ആശംസയും നിയമസഭ സെക്രട്ടറി ഡോ എൻ കൃഷ്ണ കുമാർ നന്ദിയും അർപ്പിക്കും. ജനുവരി 13 വൈകിട്ട് 3.30 ന് നടക്കുന്ന സമാപന ചടങ്ങ് നടൻ പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും. നടൻ ഇന്ദ്രൻസിനെ ചടങ്ങിൽ ആദരിക്കും. പ്രശസ്ത ശ്രീലങ്കൻ സാഹിത്യകാരി വി വി പദ്മസീലി മുഖ്യാതിഥിയാകും.

പുസ്തകോത്സവത്തിലെ വിവിധ വിഭാഗങ്ങളിൽ രാഷ്ട്രീയം, കല, സാഹിത്യം, സിനിമ മേഖലകളിലെ പ്രമുഖർ പങ്കെടുക്കുന്നുണ്ട്.

250 സ്റ്റാളുകളിലായി 166ലധികം ദേശീയ അന്തർദേശീയ പ്രസാധകർ അണിനിരക്കുന്ന മേളയിൽ 313 പുസ്തകപ്രകാശനങ്ങൾക്കും 56 പുസ്തക ചർച്ചകൾക്കും വേദിയൊരുങ്ങും. പാനൽ ചർച്ചകൾ, ഡയലോഗ്, ടാക്ക്, മീറ്റ് ദ ഓതർ, സ്മൃതിസന്ധ്യ, കവിയരങ്ങ്, കഥാപ്രസംഗം, കവിയും കവിതയും, കഥയരങ്ങ്, ഏകപാത്രനാടകം, സിനിമയും ജീവിതവും തുടങ്ങി വിവിധ വിഭാഗങ്ങളിൽ 70ലധികം പരിപാടികൾ നടക്കും.

കുട്ടികൾക്കായി ഒരുക്കുന്ന സ്റ്റുഡന്റ്സ് കോർണറാണ് ഈ പതിപ്പിലെ സവിശേഷത. വിദ്യാർത്ഥികൾ രചിച്ച പുസ്തകങ്ങൾ അവിടെ പ്രകാശനം ചെയ്യും. കുട്ടികൾക്കായുള്ള സ്റ്റേജ് പ്രോഗ്രാമുകളും അവതരിപ്പിക്കും. വിദ്യാർത്ഥികൾക്ക് നിയമസഭാ ഹാൾ, മ്യൂസിയങ്ങൾ, മൃഗശാല എന്നിവ സന്ദർശിക്കാനുള്ള പാക്കേജും ഒരുക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സിയുടെ ഡബിൾ ഡെക്കർ ബസിൽ സിറ്റി റൈഡും ക്രമീകരിച്ചിട്ടുണ്ട്. ദിവസവും വൈകിട്ട് 7 മുതൽ വിവിധ മാധ്യമങ്ങളുടെ നേതൃത്വത്തിലുള്ള മെഗാഷോ നടക്കും.

പുസ്തകോത്സവ സ്റ്റാളുകളിൽ നിന്ന് വാങ്ങുന്ന 100 രൂപയിൽ കുറയാത്ത പർച്ചേസിന് സമ്മാന കൂപ്പൺ നൽകും. എല്ലാ ദിവസവും നറുക്കിട്ട് 20 വിജയികൾക്ക് 500 രൂപയുടെ പുസ്തക കൂപ്പൺ നൽകും. പുസ്തകോത്സവത്തിന്റെ ഭാഗമായി ഫുഡ് കോർട്ടും സജ്ജീകരിച്ചിട്ടുണ്ട്.

നിയമസഭാ സമുച്ചയത്തിനുള്ളിലെ ശങ്കരനാരായണൻ തമ്പി ഹാളാണ് പ്രധാന വേദി.

അസംബ്ലിഅഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾക്കിടയിലെ വേദി, നിയമസഭയുടെ സ്റ്റുഡന്റ്സ് കോർണർ, പ്രസാധകരുടെ പരിപാടികൾക്കുള്ള വേദികൾ, ബുക്ക് ഒപ്പിടലിനുള്ള പ്രത്യേക വേദി ഉൾപ്പെടെ 7 വേദികളിലാണ് പരിപാടികൾ അരങ്ങേറുക.

# യുവ വോട്ടർമാരെ ഉൾപ്പെടുത്തുന്നതിന് ബോധവത്ക്കരണം നടത്തും

**തിരുവനന്തപുരം:** യുവ വോട്ടർമാരെ വോട്ടർപട്ടികയിൽ കൂടുതലായി ഉൾപ്പെടുത്തുന്നതിന് കോളേജുകളിലും മറ്റ് പൊതുവിടങ്ങളിലും ബോധവത്ക്കരണവും പ്രചാരണ പരിപാടികളും നടത്തുമെന്ന് ജില്ലാ കളക്ടർ അനുകുമാരി അറിയിച്ചു. 2025ലെ സ്പെഷ്യൽ സമ്മറി റിവിഷനുമായി ബന്ധപ്പെട്ട് നിയമസഭ, ലോക്സഭ ഇലക്ഷനുകൾക്കുള്ള ബൂത്ത് തിരിച്ചുള്ള അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതിനായി വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ

വോട്ടർപട്ടികയിൽ യുവാക്കളെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സംസ്ഥാന സ്കൂൾ കലോത്സവം നടക്കുന്ന വേദികളിലും ബോധവത്ക്കരണം നടത്തുന്നുണ്ട്.

അർഹരായ മുഴുവൻ വോട്ടർമാരെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമമാണ് ഇലക്ഷൻ വകുപ്പ് നടത്തികൊണ്ടിരിക്കുന്നത്. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കും. മരിച്ച വ്യക്തികളുടെ പേരുകൾ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്ന് കളക്ടർ അറിയിച്ചു.

2014 ഒക്ടോബർ 29നാണ് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചത്. പുതുക്കിയ വോട്ടർ പട്ടിക പ്രകാരം 28,37,653 വോട്ടർമാരാണ് നിലവിലുള്ളത്. ഇതിൽ 25,557 പേർ യുവ വോട്ടർമാരാണ്. സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ കാലയളവിൽ 18,489 അപേക്ഷകളാണ് ആകെ ലഭിച്ചത്. തിരുവനന്തപുരം, കഴക്കൂട്ടം നിയോജക മണ്ഡലങ്ങളിലെ വോട്ടർപട്ടിക വാർത്താസമ്മേളനത്തിന് ശേഷം വിതരണം ചെയ്തു. മറ്റ് നിയോജക മണ്ഡലങ്ങളിലേത് അതത് താലൂക്കുകളിൽ നിന്ന് വിതരണം ചെയ്യും.

സബ് കളക്ടർ ആൽഫ്രഡ് ഒ.വി, എ.ഡി.എം വിനീത് റ്റി.കെ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, മാധ്യമപ്രവർത്തകർ എന്നിവർ പങ്കെടുത്തു.



# ചികിത്സാരംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജിൻസിന്റെ സാധ്യത ഉപയോഗപ്പെടുത്തണം : ഐ.എച്ച്.എം.എ

**കൊച്ചി :** പൊതുജനങ്ങളിലേയ്ക്ക് ആരോഗ്യപരമായ വിവരങ്ങൾ എത്തിക്കുന്നതിനും ബോധവത്കരിക്കുന്നതിനും ചികിത്സയ്ക്കും ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് സാധ്യത കൂടി ഉൾപ്പെടുത്തണമെന്ന് ഐ.എച്ച്.എം.എ. അതിന്റെ ഭാഗമായി പ്രശസ്ത ക്രീയേറ്റീവ് ഡയറക്ടർ അശ്വിൻ ചന്ദ്രന്റെ നേതൃത്വത്തിൽ കൊച്ചി ഐ.എച്ച്.എം.എ. ഹൗസിൽ വെച്ചു നടത്തിയ ഏകദിന ശില്പശാല ഐ.എച്ച്.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഷമീം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പരിമൾ ചാറ്റർജി മുഖ്യ പ്രഭാഷണം നടത്തി. ഡോ. ലത, ഡോ. ശ്രീജിത്ത്, ഡോ. ഫഹ്മിത, ഡോ. ഇസ്രാർ, ഡോ. കൃഷ്ണദാസ്, ഡോ. നസ്രീൻ എന്നിവർ സംസാരിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി ഡോക്ടർമാർ പങ്കെടുത്തു.

പീപ്ൾ കൾട്ടിന്റെ സി.സി.ഒ കൂടിയായ അശ്വിൻ ചന്ദ്രൻ നയിച്ച സംവേദനാത്മകപരമായിരുന്ന ശില്പശാലയിൽ പങ്കെടുത്ത ഡോക്ടർമാർ എല്ലാവരും പുതിയ അറിവുകൾ നേടുന്നതിനൊപ്പം അതുപയോഗിച്ചു സ്വന്തമായി വീഡിയോ നിർമ്മിക്കുകയും ചെയ്തു. നിരവധി അന്താരാഷ്ട്ര കമ്പനികളുടെ ക്രിയേറ്റിവ് കൺസൾട്ടന്റായ അശ്വിൻ അന്താരാഷ്ട്ര മീഡിയ ഗ്രൂപ്പിന്റെ ക്രീയേറ്റീവ് ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# സംസ്കൃതസർവ്വകലാശാല: സെലക്ഷൻ ട്രയൽസ്

**കൊച്ചി :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ക്രിക്കറ്റ് ടീം (പുരുഷന്മാർ) രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ ട്രയൽസ് ജനുവരി എട്ടിന് രാവിലെ 10.30ന് കാലടി മുഖ്യ ക്യാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. 2024 ജൂലൈ ഒന്നിന് 25 തികയാത്ത വിദ്യാർത്ഥികൾക്ക് സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാം. താല്പര്യമുള്ളവർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സർവ്വകലാശാല ഐഡന്റിറ്റി കാർഡും അതത് ക്യാമ്പസ് ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തിയ യോഗ്യത സർട്ടിഫിക്കറ്റുകളും സഹിതം കായിക വിഭാഗത്തിൽ എത്തിച്ചേരണം.

# അംഗാരനൂപുരന്റെ പ്രകാശനം നാളെ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പബ്ലിക്കേഷൻ വിഭാഗം പ്രസിദ്ധീകരിക്കുന്ന പ്രഭാവർമ്മയുടെ 'കനൽചിലമ്പ്' എന്ന കവിതാസമാഹാരത്തിന്റെ ഡോ. എൻ വി പി ഉണിത്തിരി സംസ്കൃത പരിഭാഷ നിർവ്വഹിച്ച 'അംഗാരനൂപുരം' എന്ന കൃതിയുടെ പ്രകാശനം കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറി ഡോ. ശ്രീനിവാസ റാവു ജനുവരി എട്ടിന് ഉച്ചയ്ക്ക് ഒന്നിന് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ നിർവ്വഹിക്കും. മുൻ പ്രോ വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ആദ്യപ്രതി ഏറ്റുവാങ്ങും. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി, സിൻഡിക്കേറ്റ് അംഗം ആ!ർ. അജയൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, പ്രൊഫ. വി. ആ!ർ. മുരളീധരൻ, ജോയിന്റ് രജിസ്ട്രാർ സുഖേഷ് കെ. ദിവാകർ എന്നിവർ പങ്കെടുക്കും.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷത്തെ പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത ഡിഗ്രി), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത പ്ലസ്ടു), ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത എസ് എസ് എൽ സി) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 7994449314

# വെറ്ററിനറി ഡോക്ടർ താത്കാലിക ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജൻമാരെ താത്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.ഏഴിന് രാവിലെ 11 മണി മുതൽ 1 മണി വരെ എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം.ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും ഹാജരാക്കണം.

ഫോൺ:0484 2360648

സൊസൈറ്റി ടുഡേ
SOCIETY TODAY

# എല്ലാവർക്കും അതിവേഗം ഭൂമിയും വീടും ലക്ഷ്യം: മന്ത്രി കെ രാജൻ

**കൊച്ചി:** എല്ലാവർക്കും ഭൂമിയും വീടും അതിവേഗം ലഭ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മന്ത്രി കെ. രാജൻ. കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പൂർത്തീകരിച്ച 120 വീടുകളുടെ താക്കോൽദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. 2020 ൽ ആരംഭിച്ച പദ്ധതി പ്രകാരം 186 വീടുകൾ പഞ്ചായത്തിൽ നിർമ്മാണം പുരോഗമിക്കുന്നു. ആകെ 300 ലധികം വീടുകളാണ് പഞ്ചായത്തിൽ നിർമിക്കുന്നത്. സാധാരണക്കാരന്റെ സ്വപ്നമാണ് ഭൂമിയും വീടും. ലൈഫ് ഭവന പദ്ധതി പ്രകാരം 3,42000 വീടുകൾ നിർമ്മിച്ച് നൽകാൻ കഴിഞ്ഞു. 4,82000 വീടുകൾ നിർമ്മാണം പുരോഗമിക്കുന്നു. ഗ്രാമീണ മേഖലയിൽ 72000 രൂപയും നഗര മേഖലയിൽ 150000 രൂപയുമാണ് പി എം എ വൈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ നൽകുന്നത്. മാത്രമല്ല അവയ്ക്ക് പ്രത്യേക ബ്രാൻഡിംഗും വേണമെന്നും വ്യവസ്ഥയുണ്ട്. എന്നാൽ കേരളത്തിൽ ലൈഫ് വീടുകൾക്ക് ഒരു വിധത്തിലുള്ള ബ്രാൻഡിംഗും അനുവദിക്കില്ലെന്ന നിലപാട് സർക്കാർ സ്വീകരിച്ചു. മാത്രമല്ല പൊതുസ്വഭാവമില്ലാത്ത നിർമ്മാണ രീതിയിലാണ് ലൈഫ് വീടുകൾ നിർമ്മിക്കുന്നത്. സർക്കാരിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന വീടുകൾ എന്ന് യാതൊരു അടയാളവും ഉണ്ടാകരുതെന്നാണ് സർക്കാരിന്റെ നിലപാട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കൂടുതൽ വീടുകളും കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

വിവിധ ഏജൻസികളുടെ ഏകോപനത്തോടെ വീടില്ലാത്തവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ചടത്തിൽ അധ്യക്ഷത വഹിച്ച നിയമസഭാ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എം എൽ എ പറഞ്ഞു. ഭവന നിർമ്മാണത്തിനുള്ള ചെലവിൽ വന്നിട്ടുള്ള വർധന അദ്ദേഹം ചൂണ്ടിക്കാട്ടി. വീടുകൾ നിർമ്മിച്ച് നൽകുന്തോറും വീടില്ലാത്തവരുടെ എണ്ണം വർധിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. കാട്ടിക്കുളം ഓപ്പൺ സ്റ്റേജിൽ നടന്ന ചടങ്ങിൽ സുരേന്ദ്രൻ ലക്ഷ്മണൻ, ജോസ് കല്ലൂർ, ചന്ദ്രമതി എന്നിവർ വീടിന്റെ താക്കോൽ ഏറ്റുവാങ്ങി. മന്ത്രി കെ. രാജനെയും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെയും ചടങ്ങിൽ ആദരിച്ചു. പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കമല സദാനന്ദൻ, വൈസ് പ്രസിഡന്റ് കെ. എസ്. സനീഷ്, കോട്ടുവള്ളി പഞ്ചായത്ത് പ്രസിഡന്റ് അനീജ വിജു, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ സെബാസ്റ്റ്യൻ തോമസ്, സുനിത ബാലൻ, ബിജു പഴമ്പിള്ളി, ഗാന അനൂപ്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ആന്റണി കോട്ടക്കൽ, ജെൻസി തോമസ്, ഗ്രാമപഞ്ചായത്തംഗങ്ങളായ വി.എച്ച്. ജമാൽ, എം.എസ്. സതീഷ്, സിന്ധു നാരായണൻകുട്ടി, ലൈഫ് മിഷൻ കോ ഓഡിനേറ്റർ ഏണസ്റ്റ്, കോട്ടുവള്ളി പഞ്ചായത്ത് സെക്രട്ടറി എം.ബി. പ്രീതി തുടങ്ങിയവർ പങ്കെടുത്തു.



# എച്ച്.എം.പി.വി വൈറസ് അനാവശ്യ ആശങ്ക പരത്തരുത്: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** ഇന്ത്യയിൽ ഹ്യൂമൻ മെറ്റാന്യൂമോ വൈറസ് (എച്ച്.എം.പി.വി.) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വാർത്തയിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ചൈനയിൽ വൈറൽ പനിയുടെയും ന്യൂമോണിയയുടെയും ഔട്ട് ബ്രേക്ക് ഉണ്ടെന്ന വാർത്തകളെ തുടർന്ന് സംസ്ഥാനം നേരത്തെ തന്നെ നടപടി സ്വീകരിച്ചിരുന്നു. സംസ്ഥാനം ഈ സാഹചര്യം സസൂക്ഷ്മം നിരീക്ഷിച്ച് വരികയാണ്. ആരോഗ്യ വിദഗ്ധരുമായി സംസാരിച്ച് പ്രതിരോധം ശക്തമാക്കിയിട്ടുണ്ട്. നിരീക്ഷണം ശക്തമാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ ഉന്നതതല യോഗം ചേർന്ന് നിലവിലെ സ്ഥിതി വിലയിരുത്തി. എച്ച്.എം.പി. വൈറസിനെ കണ്ടെത്തിയത് 2001ൽ മാത്രമാണെങ്കിലും കഴിഞ്ഞ 50 വർഷത്തിൽ കൂടുതലായി ലോകത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും പ്രത്യേകിച്ചും കുട്ടികളിൽ ഈ വൈറസ് കാണപ്പെടുന്നു എന്നാണ് കരുതപ്പെടുന്നത്. ഇതേ കാര്യം തന്നെ ഇന്ന് ഐസിഎംആർ പത്രക്കുറിപ്പിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ലോകത്തിന്റെ പലഭാഗങ്ങളിലും ഇന്ത്യയിലും കണ്ടുവരുന്ന ഒരു വൈറസാണ് എച്ച്.എം.പി.വി. എന്ന് പത്രക്കുറിപ്പിലൂടെ ഐസിഎംആർ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ആശങ്കപ്പെടേണ്ടതില്ല. എച്ച്.എം.പി. വൈറസിനെ അപകടകാരിയായ ഒരു പുതിയ വൈറസായി കാണാൻ കഴിയില്ല. വൈറസിൽ കാര്യമായ ജനിതക വ്യതിയാനങ്ങൾ സംഭവിച്ചിട്ടില്ലെങ്കിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. ഇതുവരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ജനിതക വ്യതിയാനം ഉള്ളതായി ലോകാരോഗ്യ സംഘടനയോ, ചൈനയിലെ വിദഗ്ധരോ അറിയിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ പ്രത്യേകിച്ച് കുട്ടികളിലും പ്രായമായവരിലും കാണപ്പെടുന്ന ശ്വാസകോശ സംബന്ധമായ രോഗങ്ങൾ കൃത്യമായി നിരീക്ഷിക്കുന്നതാണ്. അതോടൊപ്പം ചൈന ഉൾപ്പെടെയുള്ള മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്ന ആളുകളിലും ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങൾ കാണുന്നുവെങ്കിൽ അവരെയും നിരീക്ഷിക്കുന്നതാണ്. ശ്വാസകോശ സംബന്ധമായ രോഗ ലക്ഷണങ്ങളുള്ളവർ മാസ്ക് ധരിക്കുകയും കൃത്യമായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുക.

എച്ച്.എം.പി.വി. ബാധിച്ചാൽ ഗുരുതരമാകാൻ സാധ്യതയുള്ള പ്രായമായവർ, കുഞ്ഞുങ്ങൾ, ഗർഭിണികൾ, ഗുരുതര രോഗമുള്ളവർ, കിടപ്പ് രോഗികൾ, ശ്വാസകോശ സംബന്ധമായ രോഗലക്ഷണങ്ങളുള്ളവർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഇൻഫ്ളുവൻസ പോലെ തന്നെ എച്ച്.എം.പി.വി. വരാതിരിക്കാൻ മാസ്ക് ധരിക്കുന്നതാണ് അഭികാമ്യം. കൂടാതെ ശ്വാസകോശ അണുബാധയുള്ള ആളുകളിൽ നിന്നും അകലം പാലിക്കുകയും വേണം. രോഗങ്ങളുള്ള സമയത്ത് കുട്ടികളെ സ്കൂളിൽ വിടരുത്. എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.



സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ അങ്കമാലി മോർണിംഗ് സ്റ്റാർ കോളേജിൽ നടന്ന പാത്ത് വെ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം പ്രിൻസിപ്പൽ സിസ്റ്റർ ഡോ. ഷെമി ജോർജ് ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ചാർളി പോൾ, ഡോ. കെ. കെ. സുലേഖ, ഡോ. കെ ടി ടെജി, ഡോ. ലീന കെ. ജോസഫ് എന്നിവർ സമീപം

## സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പാത്ത് വെ സോഷ്യൽ ലൈഫ് വെൽനസ് പ്രോഗ്രാം നടത്തി

**അങ്കമാലി :** മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിൽ സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ പാത്ത് വേ സോഷ്യൽ ലൈഫ് വെർനസ് പ്രോഗ്രാം നടത്തി. കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ ഡോ. ഷെമി ജോർജ് ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ ആലുവ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽ ഡോ. കെ. കെ സുലേഖ അധ്യക്ഷത വഹിച്ചു.പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ. കെ.ടി. ടെജി, ഡോ. ലീന കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ അഡ്വ .ചാർളി പോൾ , ഡോ. ഫേബിൾ വർഗ്ഗീസ്, ലക്ഷ്മി പ്രിയ, അഡ്വ. ഷാജൻ ജോസഫ്, ഡോ .റസീന പത്മം , സഹീറ തങ്ങൾ, എന്നിവർ ക്ലാസുകൾ നയിച്ചു.

## ജോബ്ഫെയർ

**കൊച്ചി:** ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റേയും മോഡൽ കരിയർ സെന്ററി ന്റെയും ആഭിമുഖ്യത്തിൽ നടത്തുന്ന ജോബ്ഫെയറിൽ എം എസ് ഡബ്ല്യു,സൈക്കോളജി, ഫിലോസഫി എന്നീ യോഗ്യതകൾ ഉള്ളവർക്ക് പങ്കെടുക്കാം. ഫോൺ: 9656036381, 04842631240

## താത്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** കൂവപ്പടി ഐ സി ഡി എസ് പ്രോജക്റ്റിന്റെ പരിധിയിൽ വരുന്ന മുടക്കുഴ, വേങ്ങൂർ, രായമംഗലം പഞ്ചായത്തുകളിലെ നാല് അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സർക്കാരിന്റെ ആക്രഡിറ്റേഷനുള്ള ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു.അവസാന തീയതി 13ന് വൈകുന്നേരം 5 മണി വരെ. ഫോൺ: 9188959727

## ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം

**കൊച്ചി:** എറണാകുളം എസ് ആർ വി എച്ച് എസ് എസിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഫിസിക്കൽ സയൻസ്, ഇംഗ്ലീഷ് വിഷയങ്ങളിൽ ഓരോ അധ്യാപക തസ്തിക വീതം ഒഴിവുണ്ട്.യോഗ്യരായ ഉദ്യോഗാർഥികൾ അസൽ രേഖകൾ സഹിതം ജനുവരി എട്ടിന് ഉച്ചയ്ക്ക് രണ്ടിന് ഓഫീസിൽ നേരിട്ട് ഹാജരാവുക.

## വാക് ഇൻ ഇന്റർവ്യു

**തിരുവനന്തപുരം:** തിരുവനന്തപുരം ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ സി.ടി സ്കാൻ യൂണിറ്റിൽ ചീഫ് റേഡിയോഗ്രാഫർ, റേഡിയോഗ്രാഫർ തസ്തികകളിലേക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി ജനുവരി 15 രാവിലെ 11ന് അഭിമുഖം നടത്തും. താത്പര്യമുള്ളവർ റീജിയണൽ മാനേജരുടെ കാര്യാലയത്തിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ അസൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഹാജരാകണം.

**തിരുവനന്തപുരം:** റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ സൈക്കോളജിസ്റ്റ് നിയമനത്തിന് ജനുവരി 14ന് വാക് ഇൻ ഇന്റർവ്യു നടത്തും. വിശദവിവരങ്ങൾക്ക്: ০০০.ൃരരേ.ഴീ.ശി .

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ ഇടുക്കി ജില്ലയിലെ മറയൂർ മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് അഡീഷണൽ ടീച്ചർ താത്കാലിക ഒഴിവിലേക്ക് നിർദിഷ്ഠ യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾക്കായി വാക് ഇൻ ഇന്റർവ്യു നടത്തും. അപേക്ഷകർ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജനുവരി 16ന് രാവിലെ 10ന് മറയൂർ മഹിള ശിക്ഷൺ കേന്ദ്രത്തിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യുവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി. ഒ, തിരുവനന്തപുരം. ഫോൺ: 0471 2348666,



എഴുത്തുകാരനും ഉത്തര മേഖല ഐ. ജി യുമായ കെ സേതുരാമൻ ഐ. പി. എസ് ഭാരതീയ ഭാഷാ സംഗമം ഉദ്ഘാടനം ചെയ്യുന്നു. കുസാറ്റിലെ ഹിന്ദി വിഭാഗം അസോസിയേറ്റ് പ്രൊഫസർമാരായ ഡോ നിമ്മി എ എ, ഡോ എ കെ ബിന്ദു, കുസാറ്റ് രജിസ്ട്രാർ പ്രൊഫസർ ഡോ എ യു അരുൺ, കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ജുനൈദ് ബുഷിരി, കുസാറ്റിലെ മാനേജ്മെന്റ് വിഭാഗം മുൻ മേധാവിയും പ്രൊഫസറുമായ ഡോ ഡി മാവൂത്ത്, നാഷണൽ മോണിറ്ററിങ് കമ്മിറ്റി മെമ്പറും ഭാരതീയ ഭാഷ മഞ്ച് നാഷണൽ ട്രസ്റ്റിയുമായ എ വിനോദ് എന്നിവർ സമീപം.

# വിദ്യാഭ്യാസത്തിലും നീതിനിർവഹണത്തിലും ഭാരതീയ ഭാഷകൾ ഉൾപ്പെടുത്തണം: എ വിനോദ്

**കൊച്ചി:** നിത്യവ്യവഹാരത്തിൽ ഭാരതീയ ഭാഷ പ്രയോഗിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസം, നീതിനിർവഹണം, സാമ്പത്തിക പ്രവർത്തനങ്ങൾ എന്നീ ഔപചാരിക രംഗങ്ങളിൽ നിന്ന് ഭാരതീയ ഭാഷ മാറ്റിനിർത്തപ്പെട്ടിട്ടുണ്ട്. ഈ രംഗങ്ങളിലേക്ക് ഭാഷയെ തിരിച്ചുകൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഭാഷയെ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ഇതിനായാണ് ഭാരതീയ ഭാഷാ സമിതി രൂപീകരിച്ചിരിക്കുന്നത്' നാഷണൽ മോണിറ്ററിങ് കമ്മിറ്റി മെമ്പറും ഭാരതീയ ഭാഷ മഞ്ച് നാഷണൽ ട്രസ്റ്റിയുമായ എ വിനോദ് പറഞ്ഞു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടേയും ഭാരതീയ ഭാഷാ സമിതിയുടേയും വിദ്യാഭ്യാസ വികാസ കേന്ദ്രത്തിൻറേയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഭാരതീയ ഭാഷാ സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഭാരതീയ ജ്ഞാന പൈതൃകത്തെ ആധുനിക വിദ്യാഭ്യാസത്തിൻറെ ഭാഗമാക്കണമെന്നും വിനോദ് അഭിപ്രായപ്പെട്ടു.

തിങ്കളാഴ്ച കുസാറ്റ് സെമിനാർ കോംപ്ലക്സിൽ വെച്ച് രംഗപൂജയോടെ ആരംഭിച്ച ചടങ്ങ് എഴുത്തുകാരനും ഉത്തര മേഖല ഐ. ജി യുമായ കെ സേതുരാമൻ ഐ. പി. എസ് ഉദ്ഘാടനം ചെയ്തു.

ഏതൊക്കെ വികസന രാജ്യങ്ങൾ അവരുടെ സ്വന്തം ഭാഷയിൽ ഉന്നത വിദ്യാഭ്യാസം നയിക്കുന്നുണ്ടോ അവിടേയൊക്കെ ഏറ്റവും നല്ല വികസനവും ഉണ്ട്. അവിടങ്ങളിൽ ഉത്പാദന ക്ഷമതയും അധികമാണ്. ഇന്ത്യയും, അറബ് രാജ്യങ്ങളും, ആഫ്രിക്കൻ രാഷ്ട്രങ്ങളും മാത്രമാണ് സ്വന്തം ഭാഷകൾ ഉപേക്ഷിച്ച് കൊളോണിയൻ ഭാഷകളെ ആശ്രയിക്കുന്നത് സേതുരാമൻ അഭിപ്രായപ്പെട്ടു.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ജുനൈദ് ബുഷിരി ചടങ്ങിന് അധ്യക്ഷത വഹിച്ചു. 'കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഭാരതീയ ഭാഷാ സംഗമത്തിൻറെ വേദിയാണ്. ലോകത്തിലെ ഏറ്റവും വികസിത രാജ്യമായ ജപ്പാനിൽ സാങ്കേതികവിദ്യയും ശാസ്ത്രവും പഠിക്കുന്നത് ജാപ്പനീസ് ഭാഷയിലാണ്. ഇംഗ്ലീഷ് ഭാഷയിൽ അല്ല. ഭാരതീയ ഭാഷയിൽ ശാസ്ത്രവും സാങ്കേതിക വിദ്യകളും പഠിക്കുന്നതിനും പാഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കാലത്തിൻറെ അനിവാര്യമാണ്,' സർവകലാശാല വൈസ് ചാൻസലർ പ്രൊഫസർ ഡോ എം ജുനൈദ് ബുഷിരി പറഞ്ഞു. ചടങ്ങിൽ, ഭാരതീയ ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധയിനം ഭാഷാ മത്സരങ്ങളുടെ സമ്മാനദാനം കുസാറ്റ് രജിസ്ട്രാർ പ്രൊഫസർ ഡോ എ യു അരുൺ നിർവഹിച്ചു.

നാല് സഭകളായാണ് സെമിനാർ സംഘടിപ്പിച്ചത്. ഒന്നാം സഭയിൽ 'ഭാരതീയ ഭാഷകളുടെ ഏകാത്മകത' എന്ന വിഷയത്തിൽ കേരള സർവകലാശാലയിലെ തമിഴ് വകുപ്പിലെ പ്രൊഫസർ ഡോ ടി വിജയലക്ഷ്മി, കാലടി ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ വ്യാകരണ വിഭാഗം വിദ്യാഭ്യാസ വകുപ്പ് അദ്ധ്യക്ഷൻ റിട്ട. പ്രൊഫസർ എം. വി നടേശൻ എന്നിവരും, രണ്ടാം സഭയിൽ 'ശാസ്ത്ര പഠനം മാതൃഭാഷയിൽ' എന്ന വിഷയത്തിൽ കുസാറ്റ് ഹിന്ദി വിഭാഗം പ്രൊഫസറും ഡീനും, റിട്ട. ഹ്യൂമാനിറ്റീസ് ഫാക്കൽറ്റിയുമായ പ്രൊഫസർ ഡോ കെ വനജ, കുസാറ്റ് ശാസ്ത്ര സമൂഹ കേന്ദ്രം ഡയറക്ടർ ഡോ പി. ഷൈജു എന്നിവരും, മൂന്നാം സഭയിൽ 'ഭാഷ ജീവിതം സുന്ദരമാക്കാൻ' എന്ന വിഷയത്തിൽ കേരള കേന്ദ്ര സർവകലാശാലയിലെ ഭാഷാ ശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ പി. ശ്രീകുമാർ, എഴുത്തുകാരനും പരിഭാഷകനുമായ ആർ എസ് ഭാസ്കർ, വി. ഐ. ടി വെല്ലൂർ ഭാഷാ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ കെ ജയലക്ഷ്മി എന്നിവരും സംസാരിച്ചു നാലാം സഭ 'മാതൃഭാഷയിലൂള്ള പഠനം: പ്രതിസന്ധികളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ പാനൽ ചർച്ച നടന്നു.

സമാപനപ്രഭാഷണം എഴുത്തുകാരനായ സി രാധാകൃഷ്ണൻ നിർവഹിച്ചു.

നമ്മുടെ സാംസ്കാരിക തനിമ നിലനിർത്തുന്നതിന് വേണ്ടിയും ലോകത്തിൻറെ ഔന്നിത്യത്തിൽ നമ്മുടെ ഭാരതത്തെ എത്തിക്കുന്നതിന് വേണ്ടിയും മാതൃഭാഷയിലൂള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്നത് നമ്മുടെ ദേശീയ നയമാണ്, അദ്ദേഹം പറഞ്ഞു. ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ അവിഭാജ്യ ഘടകമായ ഭാഷാ വൈവിധ്യത്തെ പര്യവേക്ഷണം ചെയ്യുന്നതിനും ആഘോഷിക്കുന്നതിനും വേണ്ടിയാണ് ഭാരതീയ ഭാഷാ സമിതിയും വിദ്യാഭ്യാസ വികാസ കേന്ദ്രവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും ചേർന്ന് 'ഭാരതീയ ഭാഷാ സംഗമം' സംഘടിപ്പിച്ചത്. നമ്മുടെ സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷയുടെ പ്രാധാന്യം, ഭാഷാ സംരക്ഷണത്തിൽ വിദ്യാഭ്യാസത്തിൻറെ പങ്ക്, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ഇന്ത്യൻ ഭാഷകളുടെ ഭാവി എന്നിവ ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദിയായിരുന്നു ഈ സമ്മേളനം.

# സംസ്ഥാനത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

**തിരുവനന്തപുരം:** പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കലിന്റെ ഭാഗമായി സംസ്ഥാനത്ത് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. 2,78,10,942 വോട്ടർമാരാണ് സംസ്ഥാനത്ത് ആകെയുള്ളത്. അന്തിമ വോട്ടർപട്ടിക പ്രകാരമുള്ള ആകെ വോട്ടർമാരിൽ 1,43,69,092 പേർ സ്ത്രീകളാണ്. ആകെ പുരുഷ വോട്ടർമാർ 1,34,41490. ആകെ ഭിന്നലിംഗ വോട്ടർമാർ 360. കൂടുതൽ വോട്ടർമാരുള്ള ജില്ല മലപ്പുറം (34,01,577), കുറവ് വോട്ടർമാരുള്ള ജില്ല വയനാട് (6,42,200). കൂടുതൽ സ്ത്രീ വോട്ടർമാരുള്ള ജില്ല മലപ്പുറം (17,00,907). കൂടുതൽ ഭിന്നലിംഗ വോട്ടർമാരുള്ള ജില്ല തിരുവനന്തപുരം (93). ആകെ പ്രവാസി വോട്ടർമാർ 90,124. പ്രവാസി വോട്ടർമാർ കൂടുതലുള്ള ജില്ല കോഴിക്കോട് (35,876). സംസ്ഥാനത്ത് 25,409 പോളിങ് സ്റ്റേഷനുകളുണ്ട്.

പ്രത്യേക സംക്ഷിപ്ത വോട്ടർ പട്ടിക പുതുക്കൽ 2025 ന്റെ ഭാഗമായി വോട്ടർ പട്ടിക ശുദ്ധീകരിക്കാൻ മികച്ച പ്രവർത്തനമാണ് സംസ്ഥാനത്ത് നടന്നതെന്നു മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ രത്തൻ യു കേൽകർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിവിധ പ്രായപരിധിയിൽ ഉൾപ്പെടുന്ന 63,564 ആളുകളാണ് പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർക്കപ്പെട്ടത്. മരണപ്പെട്ടതും, താമസം മാറിയതും ഉൾപ്പെടെ 89,907 വോട്ടർമാരാണ് വോട്ടർ പട്ടിക ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കപ്പെട്ടത്. പുതുതായി 232 പോളിങ് സ്റ്റേഷനുകൾ കൂട്ടിച്ചേർത്തു. 2025 ജനുവരി 1 യോഗ്യതാ തീയതിയായുള്ള അന്തിമ വോട്ടർ പട്ടികയാണ് പ്രസിദ്ധീകരിച്ചത്.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ അന്തിമ വോട്ടർ പട്ടിക വിവരങ്ങൾ ലഭ്യമാണ്. കൂടാതെ സൂക്ഷ്മ പരിശോധനകൾക്കായി ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ കാര്യാലയത്തിലും, വില്ലേജ് ഓഫീസുകളിലും, ബൂത്ത് ലെവൽ ഓഫീസർമാരുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും. അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും വോട്ടർ പട്ടിക ലഭിക്കും.

# പൊന്മുടിയിൽ ശുചീകരണ യജ്ഞം

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ പൊന്മുടി വിനോദസഞ്ചാര കേന്ദ്രത്തിൽ ജനുവരി 8ന് ഏകദിന ശുചീകരണ പ്രവർത്തനം നടത്തും. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിത കേരളം മിഷനും യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്ററും ചേർന്നാണ് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പരിപാടി ഉദ്ഘാടനം ചെയ്യും. വിളപ്പിൽശാല സരസ്വതി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ 50 വിദ്യാർത്ഥികൾ, ഹരിതകേരളം മിഷൻ, പൊന്മുടി വനസംരക്ഷണ സമിതി, ഹരിതകർമ്മസേന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. അപ്പർ സാനിട്ടോറിയം, ലോവർ സാനിട്ടോറിയം, എസ്റ്റേറ്റ് റോഡ് എന്നീ സ്ഥലങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചാണ് ആദ്യഘട്ടത്തിൽ ശുചീകരണം. ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ഹരിതകർമ്മസേന മുഖേന ക്ലീൻ കേരള കമ്പനി വഴി സംസ്കരണത്തിന് കൈമാറും. ശുചീകരണത്തിന്റെ ഭാഗമായി ജൈവ അജൈവ മാലിന്യ ശേഖരണത്തിനായി വിവിധയിടങ്ങളിൽ ബിന്നുകൾ സ്ഥാപിക്കും. 'മൈ പൊന്മുടി ക്ലീൻ പൊന്മുടി' ക്യാമ്പയിനിലൂടെ സംഘടിപ്പിക്കുന്ന ശുചീകരണ പരിപാടിയെ തുടർന്ന് പൊന്മുടിയെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കും.

ശുചിയാക്കിയ പ്രദേശത്തിന്റെ സുസ്ഥിരത നിലനിർത്താനായി രണ്ടു മാസത്തിലൊരിക്കൽ ഏകദിന ശുചീകരണവും വിലയിരുത്തലും നടത്തും. മഞ്ഞുമൂടിയ മലനിരകളും സസ്യശാസ്ത്ര സവിശേഷതകളും തണുത്ത കാലാവസ്ഥയും വിസ്മയകരമായ പ്രകൃതി സൗന്ദര്യവും നിറഞ്ഞ പൊന്മുടിയെ സ്വാഭാവിക സവിശേഷതകളോടെ നിലനിർത്താൻ ലക്ഷ്യമിട്ടാണ് ശുചീകരണ യജ്ഞം സംഘടിപ്പിക്കുന്നത്.

# കായികമേളയിൽ സ്കൂളുകൾക്ക് വിലക്ക്; ബാലാവകാശ കമ്മിഷൻ റിപ്പോർട്ട് തേടി

**തിരുവനന്തപുരം:** സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടിയിൽ ബാലാവകാശ കമ്മിഷൻ റിപ്പോർട്ടു തേടി. മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ്കുമാർ സ്വമേധയ കേസെടുത്ത് നടപടി സ്വീകരിക്കുകയായിരുന്നു. സ്കൂളുകളെ വിലക്കിയ തീരുമാനം കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതാണ്. തിരുനാവായ നാവാമുകുന്ദ, കോതമംഗലം മാർ ബേസിൽ സ്കൂളുകളെ സംസ്ഥാന സ്കൂൾ കായികമേളയിൽ നിന്നും വിലക്കിയതിലൂടെ ദേശീയ സ്കൂൾ കായികമേളയിലും സ്കൂളുകൾക്ക് അവസരം നഷ്ടമാകും. സ്കൂളുകളെ വിലക്കിയതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും കമ്മിഷൻ നിർദ്ദേശം നൽകി.

# ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ സർവ്വേയ്ക്ക് ജില്ലയിൽ തുടക്കമായി

**ആലപ്പുഴ:** മാലിന്യമുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി ജൈവ മാലിന്യ ഉപാധികളുടെ സർവ്വേ ആരംഭിച്ചു. പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിലെ ഡോ. ഷിബുവിന്റെ വീട്ടിൽ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവരം ശേഖരിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി സർവേയ്ക്ക് തുടക്കം കുറിച്ചു. ജനുവരി 6 മുതൽ 12 വരെ നീണ്ടുനിൽക്കുന്ന സർവ്വേയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡുകളിലും സർവ്വേ ടീം ഗൃഹ സന്ദർശനം നടത്തി നിലവിലുള്ള ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ വിവരം ശേഖരിക്കുകയും കാര്യക്ഷമത വിലയിരുത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടൽ ഉറപ്പ് വരുത്തുകയും ചെയ്യും.

ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വാർഡ് തലത്തിലും സർവേ കമ്മിറ്റികളും സർവ്വേ ടീമും മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

2025 മാർച്ച് 30 നകം സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്ത പദവിയിൽ എത്തിക്കുന്നതിന്റെ ഭാഗമായാണ് കാമ്പയിൻ നടത്തുന്നത്.

തദ്ദേശ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ എസ് ശ്രീകുമാർ, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ജി സൈറസ്, അസിസ്റ്റന്റ് ഡയറക്ടർ സി കെ. ഷിബു, നവകേരള മിഷൻ കോഡിനേറ്റർ കെ എസ് രാജേഷ്, ഐ കെ എസ് ജില്ലാ ടെക്നിക്കൽ ഓഫീസർ യു നജീബ് , സി.ഡി.എസ്. ചെയർപേഴ്സൺ കല അശോകൻ, പഞ്ചായത്ത് സെക്രട്ടറി ആർ ആർ സൗമ്യറാണി, കുടുംബശ്രീ മിഷൻ, ശുചിത്വ മിഷൻ പ്രതിനിധികൾ, ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ, ജീവനക്കാർ, ഹരിത കർമ്മ സേനാംഗങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ ജില്ലാതല സർവ്വേ ഉദ്ഘാടന പരിപാടിയിൽ പങ്കാളികളായി.

# ആവശ്യം 3 ലക്ഷം കിലോ; കുറുന്തോട്ടി വളർത്തിയാൽ മികച്ച വരുമാനം

മരുന്നിനുപോലും കുറുന്തോട്ടി കിട്ടാനില്ല കേരളത്തിൽ എന്ന സ്ഥിതിയിലേക്കുപോകുമ്പോഴാണ് തൃശൂർ മറ്റത്തൂർ ലേബർ കോ ഓപറേറ്റീവ് സൊസൈറ്റി കുറുന്തോട്ടിക്കൃഷി ആരംഭിച്ചത്.

കുറുന്തോട്ടിയും കൃഷിയോ എന്നു സംശയം ചോദിക്കും മുൻപ് കൃഷിയുടെ ചെറിയൊരു സാമ്പത്തികകാര്യം പറയാം. ഒരേക്കറിൽ കുറുന്തോട്ടി കൃഷി ചെയ്യാൻ കൃഷി വകുപ്പിൽനിന്നു ലഭിക്കുന്ന സഹായധനം 50,000 രൂപ. ഒരേക്കറിൽനിന്നു വിളവെടുക്കുമ്പോൾ 25 കിലോഗ്രാം വിത്തും 1000 കിലോഗ്രാം ഉണക്കച്ചെടിയും ലഭിക്കും. ഒരു കിലോഗ്രാം വിത്തിന്റെ വില 2000 രൂപ, ചെടിയുടെ വില കിലോഗ്രാമിന് 75 രൂപ. ഇപ്പോൾ മനസ്സിലാകും കുറുന്തോട്ടിക്കൃഷി ലാഭകരമാണോയെന്ന്.

കൃഷി ലാഭകരമാണെന്നു കണ്ട് കണ്ണൂർ ജില്ലയിലെ കർഷകസംഘങ്ങൾ 26 ഹെക്ടറിലാണ് കുറുന്തോട്ടി കൃഷി ആരംഭിച്ചത്. 10 കൃഷിഭവനു കീഴിൽ 125 കൃഷിക്കാരുണ്ട്.



## വേണം 1000 ടൺ

കേരളത്തിലെ ആയുർവേദ മരുന്ന് നിർമാണശാലകൾക്ക് കൊല്ലത്തിൽ വേണ്ടത് 1000 ടൺ കുറുന്തോട്ടിയാണ്. ഇപ്പോൾ ലഭിക്കുന്നത് 100 ടൺ. 900 ടൺ കുറുന്തോട്ടി ഓരോ വർഷവും കേരളത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്നുണ്ടെന്നർഥം. കേരളത്തിൽ ഔഷധകൃഷിക്കു സാധ്യതയെറെയാണെന്നു കണ്ടാണു മറ്റത്തൂർ ലേബർ സൊസൈറ്റി 2016ൽ ഈ മേഖലയിലേക്കു തിരിഞ്ഞത്. വിപണന സാധ്യത ഏറെയുള്ള കൊടുവേലി, ശതാവരി, കച്ചോലം, ഓരില, കരിംകുറിഞ്ഞി, മൂവില, ആടലോടകം തുടങ്ങിയവയൊക്കെ കർഷകരെക്കൊണ്ട് കൃഷി ചെയ്യിക്കാനുള്ള പദ്ധതി തുടങ്ങി. വിത്തോ തൈകളോ കൊടുത്ത് കൃഷി ചെയ്യിക്കും.

വിളവു തിരിച്ചുവാങ്ങും. ഏറ്റവുമധികം കൃഷി ചെയ്യുന്നതു കുറുന്തോട്ടിയാണ്. കണ്ണൂർ, തൃശൂർ, ആലപ്പുഴ ജില്ലകളിലായി 40 ഹെക്ടർ സ്ഥലത്താണ് ഈ വർഷം കൃഷി. എറണാകുളം, കൊല്ലം, ഇടുക്കി ജില്ലകളിൽ കർഷകർക്കു പരിശീലനം നടക്കുകയാണ്.

## ഇടവിളയായോ തനിവിളയായോ കൃഷി ചെയ്യാം

ജൂണിലാണ് കൃഷി തുടങ്ങുക. ഇടവിളയായോ തനിവിളയായോ ചെയ്യാം. വിത്തുമുളപ്പിച്ച് തൈകളാക്കിയാണു നടേണ്ടത്. ഒരേക്കറിൽ 70,000 തൈകൾ വരെ നടാം. ചെടികൾ തമ്മിൽ 10 സെന്റീമീറ്ററും വരികൾ തമ്മിൽ 15 സെന്റീമീറ്ററും അകലം വേണം. ചാണകപ്പൊടി, കുമ്മായം, കമ്പോസ്റ്റ് എന്നിവയിട്ട് മണ്ണൊരുക്കണം.

നടാനുള്ള തൈകൾ മറ്റത്തൂർ സൊസൈറ്റി നൽകും. ഔഷധസസ്യകൃഷിക്ക് കൃഷിവകുപ്പ് ഏക്കറിന് 50,000 രൂപ സാമ്പത്തിക സഹായം നൽകുന്നുണ്ട്. തുകയ്ക്ക് സൊസൈറ്റി തൈകളും വളവും നൽകും. മേയ് പകുതിയോടെ വിത്തുമുളപ്പിക്കും. ജൂൺ പകുതിയോടെ നടാം. ഒരു മാസം പ്രായമാകുമ്പോൾ ഗോമൂത്രമോ ചാണകസ്ലറിയോ ചെടിക്ക് ഒഴിച്ചുകൊടുക്കണം. രണ്ടുമാസത്തിനു ശേഷം വീണ്ടും ചാണകസ്ലറി ഒഴിച്ചുകൊടുക്കാം. കളകൾ നീക്കം ഡിസംബർ പകുതിയോടെ വിത്തുശേഖരണം തുടങ്ങണം. ഉണങ്ങിയ ചെടികൾ വേരുപൊട്ടാതെ പറിച്ചെടുക്കണം. ഉണങ്ങിയ മണ്ണാണെങ്കിൽ നനച്ചതിനു ശേഷം വേണം പറിച്ചെടുക്കാൻ. താർപ്പായയിൽ ഇട്ടു മെതിച്ചാൽ വിത്ത് വേറെയാകും. ഉണങ്ങിയ ഇലകൾ നീക്കി വിത്തു ശേഖരിക്കാം. ഇലകൾ കൊഴിഞ്ഞ തണ്ടാണ് ഔഷധനിർമാണത്തിന് ഉപയോഗിക്കുക. ചെടി കഴുകി ഉണക്കിയെടുത്ത് കെട്ടിവയ്ക്കണം. ഒരു കിലോഗ്രാം വിത്തിന് 2000 രൂപയാണ് വില. ചെടിക്ക് 75 രൂപയും. വിത്തും ചെടിയും സൊസൈറ്റി തിരിച്ചെടുക്കും. അവരുടെ നിർമാണ കമ്പനിയിൽ കൊണ്ടുവന്ന ശേഷം കഴുക്കി ഉണക്കി പൊടിച്ച ശേഷമാണ് ആയുർവേദ മരുന്നു നിർമാണ കമ്പനികൾക്കു കൈമാറുകയെന്ന് സൊസൈറ്റി സെക്രട്ടറി കെ.പി. പ്രശാന്ത് പറഞ്ഞു. ഇപ്പോൾ വിത്തുശേഖരണ സമയമാണ്. അടുത്തവർഷം കൂടുതൽ സ്ഥലത്തു കൃഷി ചെയ്യാനാണു തീരുമാനമെന്ന് രതീഷ് പറഞ്ഞു. ആദ്യവർഷം വിളവു കുറവായിരിക്കും. രണ്ടാം വർഷം മുതൽ കൃഷി കൂടുതൽ ലാഭകരമാകും. മണ്ണിൽ വീഴുന്ന വിത്തു മുളച്ചു തന്നെ കുറേയേറെ തൈകൾ ലഭിക്കും. തൈകൾക്കുള്ള ചെലവ് അങ്ങനെ കുറയ്ക്കാം.പീച്ചിയിലെ കേരള വനം ഗവേഷണകേന്ദ്രത്തിൽ (കെഎഫ്ഐആർ) പ്രവർത്തിക്കുന്ന ദേശീയ ഔഷധ സസ്യബോർഡിന്റെ റീജനൽ ഫെസിലിറ്റേഷൻ കേന്ദ്രം വഴി ശേഖരിച്ച വിത്തിൽനിന്നാണ് കൃഷിയുടെ തുടക്കം. ആദ്യം ഒരേക്കറിൽ തുടങ്ങി. അതിൽനിന്നു ശേഖരിച്ച വിത്തു വഴിയാണ് കൃഷി വ്യാപിപ്പിച്ചത്. ഒരുകോടി തൈകളാണ് സൊസൈറ്റി മുളപ്പിച്ചത്. സംസ്ഥാന സർക്കാരിന്റെ ഔഷധിക്കും കൊച്ചിയിലെ കേരള ആയുർവേദ ഫാർമസിക്കുമാണ് കുറുന്തോട്ടി നൽകുന്നത്.

# വേനൽക്കാല പച്ചക്കറിക്ക്യഷിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം

വേനൽക്കാലം പച്ചക്കറിക്ക്യഷിക്ക് ഉത്തമമെങ്കിലും പ്രശ്നങ്ങൾ കൂടും. അതിൽ പ്രധാനം വർൾച്ച തന്നെ. മണ്ണിലെ ഈർപ്പം സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധ വേണം. ദിവസം ഒരു നേരം നനയ്ക്കാം. അതു വൈകുന്നേരമായാൽ നന്ന്. ബാഷ്പീകരണനഷ്ടം മണ്ണിന്റെ താപനില കൂട്ടുമെന്നു മാത്രമല്ല, സൂക്ഷ്മാണുക്കളുടെ വളർച്ചയും തടസ്സപ്പെടുത്തും. അത് ഒഴിവാക്കുന്നതിനായി ചെടികൾക്കു നിർബന്ധമായും ജൈവപുത നൽകണം. അഴുകിത്തുടങ്ങിയ കരിയിലകളോ തെങ്ങോലയോ ശീമക്കൊന്നപോലുള്ള പച്ചിലകളോകൊണ്ടു പുതയിടാം. അഴുകാൻ പ്രയാസമുള്ള മാവിലപോലുള്ളവ ഒഴിവാക്കുക. ജൈവപുത മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുകയും ജൈവാംശം കൂട്ടുകയും സൂക്ഷ്മാണുക്കളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്യും.

ശീമക്കൊന്നയില പുതയിടുമ്പോൾ മണ്ണിലെ നൈട്രജന്റെയും കാത്സ്യത്തിന്റെയും പൊട്ടാസ്യത്തിന്റെയും അളവു കൂടും. ശീമക്കൊന്നയിലുള്ള ആൽക്കലോയ്ഡ്, ടെർപിൻ തുടങ്ങിയ രാസഘടകങ്ങൾ കീടങ്ങളെ അകറ്റുന്നതിനാൽ പച്ചക്കറികൾക്കു കീടബാധ കുറയും. ജൈവാംശം കൂടുന്ന തോടെ മണ്ണിന്റെ ജലാഗിരണശേഷിയും കൂടും. പൊടിഞ്ഞ ജൈവവളത്തോടൊപ്പം ചകിരിച്ചോർ കംപോസ്റ്റു കൂടി നൽകുന്ന പക്ഷം നടീൽമിശ്രിതത്തിന് വെള്ളത്തെ പിടിച്ചുനിർത്താനുള്ള കഴിവു കൂടും. വേരുപടലത്തിലെ ഈർപ്പം മണ്ണിൽനിന്നുള്ള മൂലകങ്ങളുടെ ആഗിരണശേഷിയും കൂട്ടും; ചെടി കരുത്തോടെ വളരും.



നീരൂറ്റിക്കുടിക്കുന്ന കീടങ്ങളുടെ ആക്രമണം വേനൽക്കാലത്തു കൂടുന്നതായി കാണുന്നതിനാൽ മുൻകരുതലായി മഞ്ഞക്കെണി വയ്ക്കാം. മഞ്ഞനിറമുള്ള ഷീറ്റിൽ ഇരുവശത്തും ഗ്രീസ് പുരട്ടി കെണി തയാറാക്കാം. വെള്ളരിവർഗവിളകളിൽ വേനൽക്കാലത്ത് ആങ്കുലർ ലീഫ് സ്പോട്ട് രോഗം കൂടുതലായി കാണുന്നു. ഇലകളിൽ വെള്ളമിറങ്ങിയതുപോലുള്ള പാടുകൾ വന്ന് ക്രമേണ മഞ്ഞളിപ്പ് ഇല മുഴുവൻ വ്യാപിക്കുകയും കരിഞ്ഞുണങ്ങുകയും ചെയ്യുന്നതാണ്. ഈ രോഗം. സ്യൂഡോമോണാസ് എന്ന മിത്ര ബാക്ടീരിയകൊണ്ട് വിത്തുപരിചരണം നടത്തുന്നതും ഇടയ്ക്കിടെ സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലീറ്റർ വെള്ളത്തിൽ കലക്കി തടം കുതിർക്കുന്നതും രോഗവ്യാപനം തടയും.

വേനൽക്കാലത്ത് വെള്ളരിവർഗവിളകളിൽ കായീച്ചയുടെ ആക്രമണം കൂടുന്നു. പെണ്ണീച്ച കായയിൽ മുട്ടകളിടും. മുട്ട വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ കായ്ക്കുള്ളിലെ മാംസളഭാഗങ്ങൾ തിന്നുനശിപ്പിക്കുന്നു. ക്രമേണ കായകൾ മഞ്ഞളിച്ച് അഴുകി താഴെ വീഴും. കായ്കൾ തീരെ ചെറുതായിരിക്കു മ്പോൾ തന്നെ കടലാസുകൊണ്ട് പൊതിയുന്നത് കായീച്ചകളുടെ ആക്രമണം കുറയ്ക്കും. പന്തലിൽ തൂക്കിയിട്ട വിവിധ കെണികളിലേക്ക് കായീച്ചയെ ആകർഷിച്ച് നശിപ്പിക്കാം. ഇതിനായി പഴക്കെണിയോ തുളസിക്കെണിയോ ഉപയോഗിക്കാം. നാലു കുഴികൾക്ക് നടുവിൽ ഒരു കെണി എന്ന തോതിൽ തൂക്കിയിടുന്നതാണു നല്ലത്. കായീച്ചയുടെ ആക്രമണമേറ്റ കായകൾ പറിച്ചെടുത്ത് നശിപ്പിക്കുകയും വേണം.

# നിയമങ്ങളും ചട്ടങ്ങളും ജനങ്ങൾക്ക് അനുകൂലമായി വായിക്കണം: മന്ത്രി

**കൊച്ചി:** നിയമങ്ങളും ചട്ടങ്ങളും ജനങ്ങൾക്ക് അനുകൂലമായി വായിക്കണമെന്ന് മന്ത്രി കെ രാജൻ. ചേന്ദമംഗലം സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം നിർവഹിക്കുക യായിരുന്നു മന്ത്രി. സേവനങ്ങൾ ആവശ്യപ്പെട്ട് ഓഫീസിൽ എത്തുന്നവരെ ഓടിക്കാനുള്ള ഉപകരണമായി നിയമങ്ങളെയും ചട്ടങ്ങളെയും ഉപയോഗിക്കരുത്. ചെകുത്താനെ ഓടിക്കാൻ കുരിശ് എന്ന പോലെ പൊതുജനങ്ങളെ നിയമവും ചട്ടവും കാണിച്ച് ജനങ്ങളെ ഓടിക്കരുത്. ജനങ്ങൾക്ക് അനുകൂലമായി നിയമങ്ങളെ വായിക്കാൻ കഴിഞ്ഞപ്പോൾ 30 വർഷമായി ഭൂമിയില്ലാതിരുന്ന 1382 കുടുംബങ്ങൾക്ക് കടൽ പുറമ്പോക്ക് പതിച്ചു കൊടുക്കാൻ കഴിഞ്ഞു. ജലസേചന മാർഗങ്ങളിൽ നിന്ന് ഭൂമി പതിച്ചു കൊടുക്കാനാകില്ല എന്ന നിയമവ്യവസ്ഥ 3.017 മീറ്ററിന് പുറത്തുള്ള ഭൂമി പതിച്ചു കൊടുക്കാം എന്ന് വ്യാഖ്യാനിച്ചപ്പോൾ നിരവധി കുടുംബങ്ങൾക്ക് ആശ്വാസമേകാൻ കഴിഞ്ഞു. പുഴയില്ലാത്ത പുറമ്പോക്കുകൾ ഇനം മാറ്റുന്നതിന് നിയമം സജ്ജമാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നര വർഷത്തിനിടെ ആറ് ചട്ട ഭേദഗതികളാണ് നടപ്പാക്കിയത്. ഇക്കാര്യങ്ങളിലെല്ലാം പ്രതിപക്ഷത്തിന്റെ പൂർണ സഹകരണം ലഭിച്ചു. വില്ലേജ് ഓഫീസുകളിൽ എത്തുന്നവർക്ക് ഉദ്യോഗസ്ഥർ ആശ്വാസം പകരുമ്പോഴാണ് വില്ലേജ് ഓഫീസുകൾ യഥാർത്ഥത്തിൽ സ്മാർട്ട് ആകുന്നതെന്നും മന്ത്രി പറഞ്ഞു.

പറവൂർ നിയോജക മണ്ഡലത്തിൽ നാല് സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കാണ് അനുമതി ലഭിച്ചിരിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ എംഎൽഎ പറഞ്ഞു. ഇതിൽ നാലെണ്ണം നിർമ്മാണം പൂർത്തിയായി. താലൂക്ക് ഓഫീസിനോട് ചേർന്ന് അനക്സ് നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. റവന്യൂ ടവറിലും അനക്സിലുമായി എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനം സജ്ജമാക്കുകയാണ് ലക്ഷ്യം.

പറവൂർ കോടതി സമുച്ചയം പൈതൃക കെട്ടിടമായി സംരക്ഷിക്കുന്നതിനും ചേന്ദമംഗലത്തെ പൈതൃക ഗ്രാമമായി മാറ്റുന്നതിനും നടപടി സ്വീകരിക്കണമന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കമല സദാനന്ദൻ, ഫോർട്ട് കൊച്ചി സബ് കളക്ടർ കെ.മീര,ചേന്ദമംഗലം പഞ്ചായത്ത് പ്രസിഡന്റ് ലീന വിശ്വൻ, ജില്ലാ പഞ്ചായത്ത് അംഗം എ.എസ്. അനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എസ് അനീഷ്, ചേന്ദമംഗലം പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി യു ശ്രീജിത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ മണി ടീച്ചർ, നിത സ്റ്റാലിൻ, ബബിത, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളായ കെ എസ് ശിവദാസൻ, ശ്രീജിത്ത് മനോഹർ, ടി കെ ഇസ്മയിൽ, കെ കെ സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.

# ക്രിസ്തുജയന്തി ജൂബിലി വർഷം: ചെത്തിപ്പുഴ ആശുപത്രിയിൽ ഏഴ് സൗജന്യ ആരോഗ്യ പദ്ധതികൾ

**ചങ്ങനാശേരി:** ക്രിസ്തുജയന്തി 2025 ജൂബിലിയുടെ ഭാഗമായി ഏഴ് സൗജന്യ ആരോഗ്യ പദ്ധതികൾ പ്രഖ്യാപിച്ച് ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രി. ജൂബിലി വർഷത്തിൽ 365 ഡയാലിസിസും 36 വേരികോസ് വെയിൻ സർജറികളും സൗജന്യമായി ലഭ്യമായിരിക്കും.

ദിവസേന രണ്ട് മെഡിക്കൽ രോഗികൾക്കും ഒരു സൈക്യാട്രിക് രോഗിക്കും ആവശ്യമായ ചികിത്സ സൗജന്യമായി നൽകുന്നതാണ്. ഉന്നത നിലവാരമുള്ള പ്രസവ ചികിത്സ കുറഞ്ഞ നിരക്കിൽ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ താരാട്ട് പദ്ധതിക്കും തുടക്കമായി. ഈ പദ്ധതിയുടെ ഭാഗമായി സാധാരണ പ്രസവത്തിന് 14,800 രൂപ മാത്രമാണ് ചെലവ് വരുന്നത്. നിബന്ധനകൾക്ക് വിധേയമായി നാലാമത്തെ പ്രസവത്തിൻറെ മുഴുവൻ ചെലവുകളും സൗജന്യമായിരിക്കും.

ജനറൽ വാർഡിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് സൗജന്യഭക്ഷണം നൽകും. ഈ സൗജന്യ പദ്ധതികൾ ജൂബിലി വർഷം മുഴുവൻ തുടരും. പദ്ധതികളുടെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ. ആൻറണി എത്തയ്ക്കാട്ട് നിർവഹിച്ചു.

നല്ല ചികിത്സ സാധാരണക്കാരായ ജനങ്ങൾക്കും ലഭ്യമാകണമെന്ന ലക്ഷ്യത്തോടെ യാണ് ഈ കാരുണ്യ പദ്ധതികൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അറിയിച്ചു. സൗജന്യ ആരോഗ്യ പദ്ധതികളെക്കുറിച്ച് കൂടുതൽ അറിയുവാനായി 04812722100 എന്ന നമ്പറിൽ ബന്ധപ്പെടുക.



# അന്താരാഷ്ട്ര സമ്മേളനത്തിന് ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ടിൽ തുടക്കം

**കൊച്ചി:** 'സുസ്ഥിര ഭാവിക്ക് വേണ്ടിയുള്ള ആജീവനാന്ത പഠനം പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, സമൂഹം' എന്ന വിഷയത്തിൽ ത്രിദിന അന്താരാഷ്ട്ര സമ്മേളനത്തിന് കാലടി ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ തുടക്കമായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ ദീപം തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു.ആത്മീയ നേതാവും എഴുത്തുകാരനുമായ പദ്മഭൂഷൺ കമലേഷ് ഡി പട്ടേൽ (ഡാജി) ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. 'ജീവിതത്തിലെ എല്ലാ പാഠങ്ങളും ആർക്കും നമ്മെ പഠിപ്പിക്കാൻ കഴിയില്ലെന്നും ജീവിതം ആശ്ചര്യങ്ങൾ നിറഞ്ഞതാണെന്നും കമലേഷ് ഡി പട്ടേൽ പറഞ്ഞു. ആശ്ചര്യങ്ങളോട് പ്രതികരിക്കാൻ ആർക്കും നമ്മെ തയ്യാറാക്കാൻ കഴിയില്ല. സുസ്ഥിരമായ നിലനിൽപ്പിന് തുടർച്ചയായ പഠനം ആവശ്യമാണ്. സ്വയം നിരീക്ഷിക്കാനുള്ള കഴിവും സ്വന്തം ജീവിതത്തിലുള്ള താൽപ്പര്യവും ഇതിന് അനിവാര്യമാണും കമലേഷ് ഡി പട്ടേൽ പറഞ്ഞു. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ പുസ്തകമായ 'ദി പവർ ഓഫ് പാരഡോക്സ്' ചടങ്ങിൽ പ്രകാശനം ചെയ്തു.ദുബായ് സായിദ് ഫൗണ്ടേഷൻ ചെയർമാൻ ഡോ. മുഹമ്മദ് എബിൻ ഫഹദ് ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു

അയർലൻഡ് എഎസ്ഇഎം ഹോണറബ്ൾ ചെയർ പ്രൊഫ. സീമസ് ഓ' ടാമ മുഖ്യ പ്രഭാഷണം നിർവഹിച്ചു.

എൻഐടി കാലിക്കറ്റിന്റെയും ഐഐഐടി കോട്ടയത്തിന്റെയും ഡയറക്ടർ പ്രൊഫ. ഡോ. പ്രസാദ് കൃഷ്ണയും ചടങ്ങിൽ വിശിഷ്ടാതിഥിയായിരുന്നു. ആദി ശങ്കര ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി കെ. ആനന്ദ്, ഡോ. എം. എസ്. മുരളി, ഡോ. ജേക്കബ് ജോർജ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.ഏഷ്യായൂറോപ്പ് മീറ്റിംഗ് (എഎസ്ഇഎം) ലൈഫ്ലോംഗ് ലേണിംഗ് ഓർഗനൈസേഷനിൽ ഇന്ത്യ 2007 മുതൽ അംഗമാണെങ്കിലും ഇതാദ്യമായാണ് കേരളത്തിൽ ഈ വിഷയത്തിൽ ഒരു ആഗോള കോൺഫറൻസ് അരങ്ങേറുന്നത്. പതിനെട്ടു രാജ്യങ്ങളിൽ നിന്നുള്ളവർ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കും. പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, സമൂഹം എന്നിവയുടെ വിവിധ പശ്ചാത്തലങ്ങളിൽ ലൈഫ്ലോംഗ് ലേണിംഗും സുസ്ഥിരതയും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വിവിധ വശങ്ങളാണ് കോൺഫറൻസിലെ പ്രബന്ധങ്ങൾക്കും പ്രഭാഷണങ്ങൾക്കും വിഷയമാവുക.ജനുവരി 8നു സമ്മേളനം സമാപിക്കും.



# പ്രതിഷേധ ധർണ്ണ നടത്തി

**കിഴക്കമ്പലം :** വൈദ്യുതി ചാർജ് കൊള്ളക്ക് എതിരെയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് എതിരെയും ട്വന്റി 20 പാർട്ടി കിഴക്കമ്പലം പഞ്ചായത്ത് വാർഡ് 18 ഊരക്കാട് വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിൽ താമരച്ചാൽ പള്ളിത്താഴം ജംഗ്ഷനിൽ പ്രതിഷേധ ധർണ്ണ നടത്തി.

ട്വന്റി പാർട്ടി സെക്രട്ടറി ആഗസ്റ്റിൻ ആന്റണി ഉദ്ഘാടനം ചെയ്തു.വാർഡ് പ്രസിഡന്റ് പി പി ഐസക് പോത്താനാകാടൻ സ്വാഗതം പറഞ്ഞു. യോഗത്തിൽ വാർഡ് മെമ്പർ ശ്രീമതി സീന റെജി അധ്യക്ഷത വഹിച്ചു.ട്വന്റി 20 പാർട്ടി ബോർഡ് മെമ്പർ വി എസ് കുഞ്ഞുമുഹമ്മദ് മുഖ്യ പ്രഭാഷണം നടത്തി.ട്വന്റി പാർട്ടി ജനറൽ സെക്രട്ടറി ബിനു പി എ വാഴക്കുളം ബ്ലോക്ക് മെമ്പർ രാജു എന്നിവർ ആശംസ പ്രസംഗം നടത്തുകയുണ്ടായി. യോഗത്തിൽ 250 ലേറെ വാർഡ് നിവാസികൾ പങ്കെടുത്തു.

# പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിൽ എആർ വിആർ ലാബ് ഗോവ ഗവർണർ അഡ്വ പി. എസ് ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും

**കോലഞ്ചേരി:** പരമഭട്ടാര കേന്ദ്രീയ വിദ്യാലയത്തിൽ പ്രവർത്തനസജ്ജമായിട്ടുള്ള എആർ വിആർ ലാബിന്റെ ഉദ്ഘാടനം നാളെ രാവിലെ 11 ന് വിദ്യാലയത്തിൽ നടക്കുന്ന ചടങ്ങിൽ വച്ച് ഗോവ ഗവർണർ അഡ്വ പി. എസ് ശ്രീധരൻ പിള്ള നിർവ്വഹിക്കും.സാങ്കേതിക സങ്കേതങ്ങളിലൂടെ ത്രിമാന ചിത്രങ്ങളും പരിസ്ഥിതികളും ഒരുക്കി യഥാർത്ഥ കാഴ്ച്ചാനുഭവങ്ങൾ പകർന്ന് വിദ്യാർത്ഥികൾക്ക് പാഠ്യവിഷയങ്ങളിലും അനുബന്ധമായ വസ്തുതകളിലും കൂടുതൽ വ്യക്തത നൽകുക എന്നതാണ് ഓഗ്മെന്റഡ് റിയാലിറ്റി ആൻഡ് വെർച്വൽ റിയാലിറ്റി അഥവ എആർ വിആർ ലാബിന്റെ സവിശേഷത.

വിദ്യാർത്ഥികൾക്ക് മുന്നിൽ സാങ്കേതിക സങ്കേതങ്ങളിലൂടെ പാഠ്യവിഷയങ്ങളെ നേരിട്ട് പ്രത്യക്ഷപ്പെടുത്തി ഇഴ ച്ചേർന്ന് കിടക്കുന്ന അറിവുകളെ ലളിതമായും താൽപ്പര്യപൂർവ്വവും ആർജ്ജിക്കുവാൻ പഠിതാക്കളെ സഹായിക്കുന്നതാണ് എആർ വിആർ ലാബിന്റെ പ്രവർത്തനമെന്നും സൗരയൂഥം, ജീവശാസ്ത്രം, കിന്റർഗാർട്ടൻ പാഠ്യവിഷയങ്ങൾ എന്നിവയാണ് നിലവിൽ എആർ വിആർ ലാബിൽ സജ്ജീകരിച്ചിട്ടുള്ളതെന്നും സ്കൂൾ പ്രിൻസിപ്പാൾ മനോജ് മോഹൻ വാർത്ത സമ്മേളനത്തിൽ അഭി പ്രായപ്പെട്ടു.

പരമഭട്ടാര ഗുരുകുല വിദ്യാപീഠം ട്രസ്റ്റ് ചെയർമാൻ അഡ്വ എം. കെ. ദിലീപൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ വിദ്യാലയ മാനേജർ ശ്രീനി സി, പരമഭട്ടാര ഗുരുകുല സേവാസംഘം പ്രസിഡന്റ് എൻ എൻ രാജൻ, പിടിഎ പ്രസിഡണ്ട് ശശീന്ദ്രൻ നായർ പി. പി, വൈസ് പ്രിൻസിപ്പൽ ശ്രീജ ടി. ജി എന്നിവർ പ്രസംഗിക്കും.

സ്കൂൾ മാനേജർ ശ്രീനി സി, സ്കൂൾ പ്രിൻസിപ്പാൾ മനോജ് മോഹൻ, വൈസ് പ്രിൻസിപ്പൽ ശ്രീജ ടി. ജി, പരമഭട്ടാര ഗുരുകുല വിദ്യാപീഠം ട്രസ്റ്റ് ട്രഷറർ വി.എൻ.അപ്പുക്കുട്ടൻ പിള്ള, കെ. ജി. ശ്രീകുമാർ, എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# മാരാമൺ കൺവൻഷൻ പന്തൽ കാൽനാട്ട് നടന്നു

**മാരാമൺ:** 130ാമത് മാരാമൺ കൺവൻഷനുവേണ്ടി പന്പാ മണൽപ്പുറത്തു നിർമിക്കുന്ന പന്തലിൻറെ കാൽനാട്ടു കർമം മാർത്തോമ്മ സഭാധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്ത നിർവഹിച്ചു. സുവിശേഷ പ്രസംഗസംഘം പ്രസിഡൻറ് ഡോ. ഐസക്ക് മാർ പീലക്സിനോസ് എപ്പിസ്കോപ്പ അധ്യക്ഷത വഹിച്ചു.

ഫെബ്രുവരി ഒന്പതു മുതൽ 16 വരെയുള്ള ദിവസങ്ങളിൽ മാരാമൺ മണൽപ്പുറത്താണ് കൺവൻഷനു വേദിയൊരുങ്ങുക. ഒരുലക്ഷം പേരേ ഉൾക്കൊള്ളാവുന്ന വിശാലമായ പന്തലിൻറെ നിർമാണത്തിനാണ് പമ്പാ നദിയുടെ തീരത്തെ മണൽത്തിട്ടയിൽ തുടക്കം കുറിച്ചത്. പരന്പരാഗതമായ രീതിയിൽ തെങ്ങിൻ കഴകളും ഓലയും ഉപയോഗിച്ചുള്ള പന്തലാണ് നിർമിക്കുക.

കുട്ടപ്പന്തലും മണൽപ്പുറത്തെ ഷെഡുകളും സമാനമായ രീതിയിൽ തയാറാക്കും. പമ്പാനദിക്കു കുറുകെ താത്കാലിക നടപ്പാലങ്ങളുടെ നിർമാണം പുരോഗമിക്കുകയാണ്. മാരാമൺ, തോട്ടപ്പുഴശേരി കരകളിൽനിന്നായി മൂന്നു പാലങ്ങളാണ് പമ്പാ മണൽപ്പുറത്തേക്ക് നിർമിക്കുന്നത്.

# എയ്റോ ഇന്ത്യ 2025 ഫെബ്രുവരി 10 മുതൽ ബംഗളൂരുവിൽ

**ന്യൂഡൽഹി :** ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യ 2025 ന്റെ പതിനഞ്ചാമത് എഡിഷൻ 2025 ഫെബ്രുവരി 10 മുതൽ 14 വരെ കർണാടകയിലെ ബെംഗളൂരുവിലെ യെലഹങ്കയിലെ എയർ ഫോഴ്സ് സ്റ്റേഷനിൽ നടക്കും. 'ഒരു ബില്യൺ അവസരങ്ങളിലേക്കുള്ള റൺവേ' എന്ന വിശാലമായ പ്രമേയത്തിലൂടെ, വിദേശഇന്ത്യൻ സ്ഥാപനങ്ങൾ തമ്മിലുള്ള പങ്കാളിത്തം രൂപപ്പെടുത്തുന്നതിനും സ്വദേശിവൽക്കരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ആഗോള മൂല്യ ശൃംഖലയിലെ പുതിയ വഴികൾ കണ്ടെത്തുന്നതിനും പരിപാടി വേദി ഒരുക്കുംപരിപാടിയുടെ ആദ്യ മൂന്ന് ദിവസങ്ങൾ ബിസിനെസ്സ് ദിവസങ്ങളായിരിക്കും, അതേ സമയം 13, 14 തീയതികൾ പ്രദർശനം കാണാൻ ആളുകളെ അനുവദിക്കുന്നതിന് പൊതു ദിവസങ്ങളായി സജ്ജീകരിച്ചിരിക്കുന്നു. എയ്റോസ്പേസ് മേഖലയിൽ നിന്നുള്ള വലിയ സൈനിക പ്ലാറ്റ്ഫോമുകളുടെ എയർ ഡിസ്പ്ലേകളും സ്റ്റാറ്റിക് പ്രദർശനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

പരിപാടിയുടെ ഭാഗമായി ഒരു ആമുഖ സെഷൻ , ഉദ്ഘാടന പരിപാടി, പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവ്, സിഇഒമാരുടെ റൗണ്ട് ടേബിൾ, മന്ഥൻ സ്റ്റാർട്ട്അപ്പ് ഇവന്റ്, എയർ ഷോകൾ, ഇന്ത്യ പവലിയൻ ഉൾപ്പെടുന്ന ഒരു വലിയ പ്രദർശന ഏരിയ, എയ്റോസ്പേസ് കമ്പനികളുടെ വ്യാപാര മേള എന്നിവ ഉൾപ്പെടുന്നു.സൗഹൃദ രാജ്യങ്ങളുമായുള്ള തന്ത്രപരമായ പങ്കാളിത്തത്തിനായുള്ള സംഭാഷണം സുഗമമാക്കുന്നതിന്, 'ബ്രിഡ്ജ് അന്തർദേശീയ പ്രതിരോധത്തിലൂടെയും ആഗോള ഇടപെടലിലൂടെയും പ്രതിരോധശേഷി വർദ്ധിപ്പിക്കുക' എന്ന വിഷയത്തിൽ പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. പരിപാടിയുടെ ഭാഗമായി മന്ത്രി, ഉദ്യോഗസ്ഥ തലങ്ങളിൽ നിരവധി ഉഭയകക്ഷി യോഗങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# വിഴിഞ്ഞം കോൺക്ലേവ്
## 300 പ്രതിനിധികളും നിക്ഷേപകരും പങ്കെടുക്കും

**തിരുവനന്തപുരം:** ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ മുന്നോടിയായി നടക്കുന്ന 'വിഴിഞ്ഞം കോൺക്ലേവ് 2025'ൽ രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള 300 പ്രതിനിധികൾ പങ്കെടുക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അറിയിച്ചു. തിരുവനന്തപുരത്ത് കോൺക്ലേവിന്റെ ലോഗോ പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ജനുവരി 28, 29 തിയതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടക്കുന്ന കോൺക്ലേവിൽ അൻപതിലധികം നിക്ഷേപകരും പങ്കെടുക്കും.



വിഴിഞ്ഞം തുറമുഖം പൂർണമായും പ്രവർത്തനസജ്ജമാകുന്നതിനൊപ്പം അതോടനുബന്ധിച്ചുള്ള വ്യാവസായിക സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. വിഴിഞ്ഞം തുറമുഖത്തിന് ആഗോള നിക്ഷേപകമാപ്പിൽ ഇടംനേടാൻ സഹായകമാകുന്ന ആദ്യത്തെ രാജ്യാന്തര കോൺക്ലേവിൽ 20 നിക്ഷേപകരെങ്കിലും ധാരണാപത്രം ഒപ്പിടുമെന്നാണ് പ്രതീക്ഷിക്കുന്നത്. രാജ്യത്തിനകത്തും പുറത്തുമുള്ള തുറമുഖങ്ങളുമായി ബന്ധപ്പെട്ട് വൻതോതിൽ നിക്ഷേപം നടത്തിയിട്ടുള്ള കമ്പനികളുടെ പ്രതിനിധികളുടെ പങ്കാളിത്തം കോൺക്ലേവിൽ ഉറപ്പാക്കിയിട്ടുണ്ട്. തുറമുഖാനുബന്ധ വ്യവസായങ്ങൾക്കൊപ്പംതന്നെ മറ്റ് മേഖലകളിലേക്കുകൂടി നിക്ഷേപം സമാഹരിക്കാനും വിഴിഞ്ഞം തുറമുഖത്തിന് ഈ കോൺക്ലേവിലൂടെ സാധിക്കും. ട്രിവാൻഡ്രം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ സഹകരണത്തോടെ കെഎസ്ഐഡിസി, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്നിവ ചേർന്ന് സംഘടിപ്പിക്കുന്ന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വിവിധ വിഷയങ്ങളിലുള്ള പാനൽ ചർച്ചകൾ, വ്യവസായ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ചർച്ചകൾ, പ്രസൻറേഷനുകൾ എന്നിവ കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിക്കും. കേരളത്തിനകത്തുള്ള കമ്പനികൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവയുടെ നിക്ഷേപ സാധ്യതകളും കോൺക്ലേവിൽ വിശകലനം ചെയ്യും. നിക്ഷേപം നടത്താൻ താൽപര്യപ്പെടുന്നവർക്ക് മാർഗനിർദ്ദേശം നൽകുന്ന സെഷനുകൾ, ബിസിനസ് ലീഡർമാരുമായി പ്രതിനിധികൾക്ക് നേരിട്ട് സംവദിക്കാനുള്ള അവസരം എന്നിവ കോൺക്ലേവിന്റെ പ്രത്യേകതകളാണ്.

സംസ്ഥാനത്ത് വലിയതോതിൽ നിക്ഷേപം കൊണ്ടുവരുന്നതിനൊപ്പം തുറമുഖം നേരിട്ട് ഒരുക്കുന്നതിന്റെ പതിന്മടങ്ങ് തൊഴിൽസാധ്യതകളാണ് അനുബന്ധവ്യവസായങ്ങളിലൂടെ ഉണ്ടാകുക. ഇതേപ്പറ്റി പ്രാദേശിക സമൂഹങ്ങളെ ബോധവൽക്കരിക്കുന്നതിനും എല്ലാവരേയും ഉൾക്കൊള്ളുന്ന മാതൃകയാക്കി വിഴിഞ്ഞത്തെ വളർത്തിയെടുക്കുന്നതിനുമുള്ള ശ്രമങ്ങൾക്ക് കോൺക്ലേവിൽ തുടക്കമാകും. കോൺക്ലേവിനു മുന്നോടിയായി തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെ നേതൃത്വത്തിലും അദാനി വിഴിഞ്ഞം പോർട്സിന്റെ ആഭിമുഖ്യത്തിലും 'ട്രിവാൻഡ്രം സ്പീക്സ്' എന്ന പേരിൽ രണ്ട് പരിപാടികൾ വരുംദിവസങ്ങളിൽ സംഘടിപ്പിക്കും.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, കെ.എസ്.ഐ.ഡി.സി. എം.ഡി. എസ്. ഹരികിഷോർ തുടങ്ങിയവർ ലോഗോ പ്രകാശന ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ലുലു ഹാപ്പിനസ് അംഗങ്ങൾക്ക് ലുലു ഫാഷൻ സ്റ്റോറിൽ നിന്നും 50 ശതമാനം വരെ കഴിവിൽ ഒരു ദിവസം മുന്നേ ഷോപ്പിങ്ങിന് അവസരം

**കൊച്ചി:** ലുലു മാളിലെ ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെലിന്റെ ഭാഗമായി ലുലു ഫാഷൻ സ്റ്റോറിൽ നിന്നും മികച്ച ബ്രാൻഡഡ് ഉത്പന്നങ്ങൾ ഒരു ദിവസം മുന്നേ 50 ശതമാനം വരെ കഴിവിൽ വാങ്ങാൻ ലുലു ഹാപ്പിനസ് അംഗങ്ങൾക്ക് അവസരം . ജനുവരി 9 മുതലാണ് ഫ്ളാറ്റ് ഫിഫ്റ്റി സെയിൽ ആരംഭിക്കുന്നത് എങ്കിലും ലുലു ഹാപ്പിനസ് അംഗങ്ങൾക്ക് 8 മുതൽ ഷോപ്പ് ചെയ്യാൻ അവസരം ഒരുക്കുകയാണ് ലുലു.ഫ്ലാറ്റ് 50 സെയിലിന്റെ ഭാഗമായി ലുലു ഫാഷൻ സ്റ്റോറിൽ നിന്നും മികച്ച ബ്രാൻഡുകളിലുള്ള എല്ലാവിധ വസ്ത്രങ്ങളും, ഫുട്!വെയർ, ആക്സെസറീസ്, ലഗേജ്, ലേഡീസ് ഹാൻഡ്ബാഗ്, ബ്ലഷ് ഉത്പന്നങ്ങൾ എന്നിവ 50 ശതമാനം വരെ വിലക്കുറവിൽ വാങ്ങാൻ സാധിക്കും. ഇതേ ഓഫറാണ് ലുലു ഹാപ്പിനെസ്സ് അംഗങ്ങൾക്ക് മാത്രമായി ജനുവരി എട്ടിന് ലഭിക്കുന്നത്. ഈ അവസരം ഉപയോഗപ്പെടുത്താൻ ം൦൦.ഹൗഹൗവമ്ുശലൈ.ശി എന്ന വെബ്സൈറ്റ് / ആപ്പിലൂടെയോ, സ്റ്റോറിൽ നിന്ന് നേരിട്ടോ ലുലു ഹാപ്പിനെസ്സ് പ്രോഗ്രാമിൽ അംഗത്വം എടുക്കാവുന്നതാണ്. ലുലു ലോയലിറ്റി മെബർഷിപ്പ് തികച്ചും സൗജന്യമാണ്. ജനുവരി 9 മുതൽ 12 വരെയാണ് പകുതി വിലക്കുള്ള വിൽപ്പന നടക്കുന്നത്.

# തൈറോയ്ഡ് രോഗ നിർണയ, ശസ്ത്രക്രിയാ ക്യാമ്പ്

**കൊച്ചി:** അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ ഡിപ്പോർട്ട്മെന്റ് ഓഫ് തൈറോയ്ഡ്, ബ്രസ്റ്റ് & എൻഡോക്രെയിൻ സർജറി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ തൈറോയ്ഡ് രോഗ നിർണയ, ശസ്ത്രക്രിയാ ക്യാമ്പ് സംഘടിപ്പിക്കുന്നു.

ഡോക്ടറുടെ കൺസൾട്ടേഷൻ ചാർജിൽ 50% ഇളവ്, അൾട്രാസൗണ്ട് നെക്ക്, തൈറോയ്ഡ് ഫങ്ഷൻ ടെസ്റ്റ് എന്നീ പ്രാഥമിക പരിശോധനകൾക്ക് 50 ശതമാനം ഇളവ്, സർജിക്കൽ പ്രൊസീജ്യറായ തൈറോയ്ഡ്ക്ടമിക്ക് 30 ശതമാനം ഇളവ് തുടങ്ങിയവ ക്യാമ്പിന്റെ ഭാഗമായി ലഭ്യമാകും.

ജനുവരി 6 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിലായിരിക്കും ക്യാമ്പ് നടക്കുക. ഞായറാഴ്ചകളിൽ ക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ സൗജന്യമാണ്. ക്യാമ്പിൽ പങ്കെടുക്കുവാൻ രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കുമായി 8137974649 എന്ന നമ്പറിൽ ബന്ധപ്പെടുക




# 50 ശതമാനം വിലക്കിഴിവിൽ ലുലു മാളിൽ ഷോപ്പിങ് മാമാങ്കം

**കൊച്ചി:** കൊച്ചി ലുലുമാളിൽ ലുലു ഓൺ സെയിലും ലുലു ഹൈപ്പർ മാർക്കറ്റ്, ലുലു ഫാഷൻ സ്റ്റോർ, ലുലു കണക്ട് എന്നിവിടങ്ങളിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലും ജനുവരി 9ന് തുടങ്ങും. എൻഡ് ഓഫ് സീസൺ സെയിലുടെ ലുലു ഫേഷൻ സ്റ്റോറിൽ വില കിഴിവ് ഈ മാസം 19വരെ ലഭിക്കും. എല്ലാ വർഷവും നടത്തിവരുന്ന ലുലു ഓൺ സെയിൽ, ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിൽ എന്നിവയാണ് ജനുവരി 9 മുതൽ 12 വരെ മാളിൽ നടക്കുന്നത്.

ലുലു ഓൺ സെയിലിന്റെ ലോഗോ പ്രകാശനം തെന്നിന്ത്യൻ സിനിമാ താരം വിനയ് റായി നിർവഹിച്ചു. അന്താരാഷ്ട്ര ബ്രാൻഡുകൾ ഉൾപ്പെടുന്ന മാളിലെ വിവിധ ഷോപ്പുകൾ ലുലു ഓൺ സെയിലിന്റെ ഭാഗമാകും. കൂടാതെ 50 ശതമാനം വിലക്കുറവിൽ ലുലു കണക്ട് , ലുലു ഫാഷൻ, ലുലു ഹൈപ്പർ എന്നിവയിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെയും സാധിക്കും. ഇലക്ട്രോണികിസ് ആൻഡ് ഹോം അപ്ലയൻസ് ഉത്പ്പന്നങ്ങളുടെ വൻ ശേഖരമാണ് ഫ്ളാറ്റ് ഫിഫ്റ്റിയുടെ ഭാഗമായി ലുലു കണക്ടിൽ ഒരുക്കിയിരിക്കുന്നത്.

ടിവി, വാഷിങ് മെഷിൻ, ഫ്രിഡ്ജ് തുടങ്ങി വീട്ടുപകരണങ്ങളും, ഇലക്ട്രോണിക് ഉപകരണങ്ങളും 50 ശതമാനം കിഴിവിൽ സ്വന്തമാക്കാം. ഇതിന് പുറമേ ലുലു ഹൈപ്പറിൽ നിന്ന് റീട്ടെയിൽ ഉത്പന്നങ്ങൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവയും 50 ശതമാനം കിഴിവിൽ ഫ്ളാറ്റ് ഫിഫ്റ്റി സെയിലിലൂടെ വാങ്ങിക്കാൻ സാധിക്കും. ലുലു ഹൈപ്പർമാർക്കറ്റ്, ഫാഷൻ സ്റ്റോർ, ലുലു സെലിബ്രേറ്റ് അടക്കമുള്ള എല്ലാ ഷോപ്പുകളിലും വിലക്കിഴിവിലുടെ ഷോപ്പിങ് നടത്താൻ ഓഫറിലുടെ സാധിക്കും.

ലുലു ഫാഷനിൽ ലുലുവിന്റെ ബ്രാൻഡുകൾക്ക് പുറമേ അന്താരാഷ്ട്ര ബ്രാൻഡുകളടക്കം അഞ്ഞൂറിലധികം ബ്രാൻഡുകൾ എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി പ്രവർത്തിക്കുകയാണ്.ജുവലറി, സെപ്ക്സ്, കോസ്മെറ്റിക്സ് ആൻഡ് ബ്യൂട്ടി എന്നിവയെല്ലാം വിലക്കുറവിൽ സ്വന്തമാക്കാം.

ലുലു ഫുഡ് കോർട്ടിലെ എല്ലാ ഷോപ്പുകളും, വിനോദകേന്ദ്രമായ ഫൺട്യൂറയും രാത്രി വൈകിയും ജനുവരി 9 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ തുറന്ന് പ്രവർത്തിക്കും. ഈ ദിവസങ്ങളിൽ മെട്രോ സർവീസ് രാത്രി 12 മണി വരെ പ്രവർത്തിക്കും. എൻഡ് ഓഫ് സീസൺ സെയിലിന്റെ ഭാഗമായി തുടങ്ങിയ വിൽപ്പന 19 വരെ നടക്കും. ലുലു ഫ്ളാറ്റ് ഫിഫ്റ്റി സെയിൽ മാളിൽ 9 മുതൽ 12 വരെയാണ് നടക്കുന്നത്. 9, 10 തിയ്യതികളിൽ രാവിലെ എട്ടിന് മാൾ തുറന്നാൽ പുലർച്ചെ രണ്ടുവരെ പ്രവർത്തിക്കും.

11ന് രാവിലെ തുറന്നാൽ 13ന് പുലർച്ചെ 2 വരെ 50ശതമാനം വിലകുറവിലുള്ള വിൽപ്പന നടക്കും.ലോഗോ പ്രകാശന ചടങ്ങിൽ ലുലുമാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, ബയ്യിങ്ങ് മാനേജർ സന്തോഷ് കുമാർ, ലുലു റീട്ടയിൽ ഡെപ്യൂട്ടി ജനറൽ മാനേജർ രാജീവ് രവീന്ദ്രൻ നായർ , കൊച്ചി ലുലു ഹൈപ്പർ ജനറൽ മാനേജർ ജോ പൈനേടത്ത്, മാൾ മാനേജർ രചീഷ് ചേനുംപറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു.




സിവിൽ എൻജിനിയറിംഗ് മേഖലയിലുള്ളവർക്കായി വർമ്മ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സ്കിൽബ്രിഡ്ജ് സ്കിൽ ഡവലപ്മെന്റ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം ഹൈബി ഈഡൻ എം പി നിർവഹിക്കുന്നു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, ആർക്കിടെക്ട് പ്രൊഫ. ബി ആർ അജിത്, വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ എന്നിവർ സമീപം

# വർമ്മ സ്കിൽബ്രിഡ്ജ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** റിയൽ എസ്റ്റേറ്റ്, നിർമാണ മേഖലയിൽ ഉള്ള സിവിൽ എഞ്ചിനീയർമാർക്കായി വർമ്മ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സ്കിൽബ്രിഡ്ജ്, സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം പനമ്പിള്ളി നഗറിലുള്ള കെ എം എ ഹൗസിൽ ഹൈബി ഈഡൻ എം പി നിർവ്വഹിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, ആർക്കിടെക്ട് പ്രൊഫ. ബി ആർ അജിത്, ഡോ. മിനി വർമ്മ, വൈശാഖ് വർമ്മ എന്നിവർക്ക് പുറമേ ക്ഷണിക്കപ്പെട്ട അതിഥികളും ചടങ്ങിൽ സംബന്ധിച്ചു.

എഞ്ചിനീയറിംഗ്, ഐ ടി ഐ, ഡിപ്ലോമ കഴിഞ്ഞ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന യുവതീ യുവാക്കൾക്ക് റിയൽ എസ്റ്റേറ്റ്, നിർമാണ മേഖലയിൽ ആവശ്യമായ ജോലി പരിചയം ഉറപ്പേകുന്ന പദ്ധതി തികച്ചും സൗജന്യമായാണ് നടപ്പാക്കുന്നതെന്ന് വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ അറിയിച്ചു.

കെട്ടിട നിർമ്മാണ മേഖലയിൽ ഒന്നോ രണ്ടോ വർഷം പ്രവൃത്തി പരിചയമുള്ള സിവിൽ എഞ്ചിനീയറിംഗ്, ഐ ടി ഐ, ഡിപ്ലോമ കഴിഞ്ഞ യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. പ്രായപരിധി 30 വയസ്. ആറുമാസം നീണ്ടു നിൽക്കുന്ന ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

കേരളത്തിലുടനീളമുള്ള വർമ്മ ഹോംസിന്റെ 15 പുരോഗമിക്കുന്ന പ്രൊജക്ടുകളിലായി ശനിയാഴ്ച ദിവസങ്ങളിലാകും പരിശീലനം. പ്രൊഫസർമാർ, ആർക്കിടെക്റ്റുകൾ, കൺസൾട്ടന്റുമാർ, കോൺട്രാക്ടർമാർ എന്നിവരുൾപ്പെടെ വർമ്മ ഹോംസിന്റെ ഇൻഹൗസിലേയും മറ്റു സ്ഥാപനങ്ങളിലേയും പ്രൊഫഷണലുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.തുടക്കത്തിൽ സിവിൽ എഞ്ചിനീയറിംഗ് മേഖലയിലെ ഉദ്യോഗാർഥികളെ ലക്ഷ്യമിടുന്ന ഈ പദ്ധതി കാലക്രമേണ വിവിധ പ്രൊഫഷണൽ മേഖലകളിലേക്കും വ്യാപിപ്പിക്കാൻ പദ്ധതിയുണ്ട്.

## അർധരാത്രി മുതൽ ഉച്ച വരെ പരിധിയില്ലാത്ത ഡാറ്റയുള്ള സൂപ്പർ ഹീറോയുമായി വി വാർഷിക റീചാർജ്

**കൊച്ചി:** അർധ രാത്രി 12 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ പരിധിയില്ലാത്ത ഡാറ്റ ലഭ്യമാക്കുന്ന ഇത്തരത്തിലെ ആദ്യ പാക്കേജായ സൂപ്പർ ഹീറോയുമായി മുൻനിര ടെലികോം സേവന ദാതാവായ വി തങ്ങളുടെ വാർഷിക റീചാർജ് വിഭാഗം കൂടുതൽ ശക്തമാക്കി. ഉയർന്ന ഡാറ്റയ്ക്കായുള്ള ഡിമാൻഡ് വർധിക്കുന്ന പശ്ചാത്തലത്തിലാണ് ഈ നീക്കം. പ്രതിമാസ പദ്ധതികളുമായി താരതമ്യം ചെയ്യുമ്പോൾ 25 ശതമാനം വരെ നേട്ടം നൽകുന്ന ഏറ്റവും മികച്ച മൂന്നു വാർഷിക പദ്ധതികളാണ് വി അവതരിപ്പിച്ചിട്ടുള്ളത്. അർധ രാത്രി 12 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ പരിധിയില്ലാത്ത ഡാറ്റയ്ക്ക് ശേഷം 2 ജിബി പ്രതിദിന ക്വാട്ടയും അതിലെ ഉപയോഗിക്കാത്ത ഡാറ്റ വാരാന്ത്യത്തിലേക്കു മാറ്റുന്ന വീക്കെൻഡ് ഡാറ്റാ റോൾ ഓവറും ഇതിനോടു കൂടെ അവതരിപ്പിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിലെ ഡാറ്റാ റീചാർജിനായി ഡാറ്റാ ഡിലൈറ്റ് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്. ഈ നേട്ടങ്ങൾക്കു പുറമെ ഡിസ്നി ഹോട്ട്സ്റ്റാർ, ആമസോൺ പ്രൈം തുടങ്ങിയ ഒടിടി സബ്സ്ക്രിപ്ഷനുകളും മുഴുവൻ വർഷത്തേക്കു ലഭിക്കും.

## ബോഡികെയർ ഐഎഫ്എഫ് ഫാഷൻ എക്സ്പോ ഇന്ന് തുടങ്ങും

**കൊച്ചി:** ഇന്ത്യൻ ഫാഷൻ ഫെയറിന്റെ മൂന്നാം പതിപ്പായ 'ബോഡികെയർ ഐഎഫ്എഫ് ഫാഷൻ എക്സ്പോ2025' ഇന്ന് അങ്കമാലിയിലെ അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കും. രാവിലെ 11 മണിക്ക് സംസ്ഥാന പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് എക്സ്പോ ഉദ്ഘാടനം ചെയ്യും. എം.എൽ.എ റോജി എം.ജോണും ശീമാട്ടി ടെക്സ്റ്റൈൽസ് സി.ഇ.ഒ ബീന കണ്ണനും മുഖ്യാതിഥികളാകും.

മുൻനിര ദേശീയ അന്തർദേശീയ ബ്രാൻഡുകളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന, 200ലേറെ എക്സിബിഷൻ സ്റ്റാളുകളും 150ലധികം വസ്ത്ര നിർമ്മാതാക്കളും ഉള്ള എക്സ്പോയിൽ 5,000ലേറെ പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ. ബ്ലോസം, മോംസ്കെയർ, പർ സ്വാം, ബാങ്ക്ടെഷ് എന്നിവയുടെ സഹകരണത്തോടെയാണ് കേരളത്തിലെ ഏറ്റവും വലിയ ബി2ബി ഫാഷൻ ഇവന്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ എക്സ്പോ സംഘടിപ്പിക്കുന്നത്.

എക്സ്പോയുടെ ഭാഗമായി വൈകിട്ട് 4 മണിക്ക് വിവിധ ബ്രാൻഡുകൾ അണിനിരക്കുന്ന ഫാഷൻ ഷോ ഉണ്ടായിരിക്കും. ജനുവരി 8 ന് വൈകിട്ട് 5 മണിക്ക് നടക്കുന്ന ഐഎഫ്എഫ് അവാർഡ് നൈറ്റ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്യും. സമാപന ദിവസമായ 9 ന് സാംസ്കാരിക പരിപാടികളുണ്ടായിരിക്കും.



# ഏഥർ 450 അവതരിപ്പിക്കുന്നു

**ബാംഗ്ലൂർ:** വൈദ്യുത ഇരുചക്രവാഹന നിർമ്മാതാക്കളായ ഏഥർ എനർജി ലിമിറ്റഡ് നിരവധി പുതിയ അപ്ഡേറ്റുകളോടെ ഏഥർ 450 അവതരിപ്പിച്ചു. 450ത, 450 അപെക്സ് സ്കൂട്ടറുകൾക്ക് ഇപ്പോൾ സുരക്ഷിതത്വത്തിനായി മൂന്ന് വ്യത്യസ്ത മോഡുകളുള്ള മൾട്ടിമോഡ് ട്രാക്ഷൻ കൺട്രോൾ, സിറ്റി ട്രാഫിക്കിൽ കൂടുതൽ സൗകര്യപ്രദമായ റൈഡിംഗ് അനുഭവത്തിനായി ങമഴശരഠംശഹേ എന്നിവ ലഭിക്കുന്നു.മോഡലുകൾ മൾട്ടിമോഡ് ട്രാക്ഷൻ കൺട്രോളിനാൽ സജ്ജമായാണ് എത്തുന്നത്. ഘർഷണം കുറഞ്ഞ പ്രതലങ്ങളിൽ സ്കൂട്ടർ തെന്നി വീഴുന്നത് തടഞ്ഞ് റൈഡറുടെ സുരക്ഷ വർദ്ധിപ്പിക്കുന്നു. ട്രാക്ഷൻ കൺട്രോൾ സിസ്റ്റം വഴുവഴുപ്പുള്ള സാഹചര്യങ്ങളിൽ, പിൻ ചക്രത്തിന്റെ വേഗത മുൻചക്രവുമായി സമന്വയിപ്പിച്ചുക്കൊണ്ട് മികച്ച സ്ഥിരത ഉറപ്പാക്കുന്നു . റൈഡർമാർക്ക് ഓരോന്നും പ്രത്യേക റൈഡിംഗ് സാഹചര്യങ്ങൾക്കായി സവിശേഷമായി സജ്ജമാക്കിയിട്ടുള്ള, റെയിൻ മോഡ്, റോഡ് മോഡ്, റാലി മോഡ് എന്നീ മൂന്ന് വ്യത്യസ്ത മോഡുകളിൽ നിന്ന് അവരുടെ നിയന്ത്രണ ആവശ്യങ്ങൾക്കനുസൃതമായി തിരഞ്ഞെടുക്കാനാവും. റെയിൻ മോഡ് പരമാവധി സുരക്ഷയ്ക്ക് മുൻഗണന നൽകി, നനഞ്ഞതും വഴുവഴുപ്പുള്ളതുമായ പ്രതലങ്ങളിൽ മെച്ചപ്പെടുത്തിയ പിടുത്തത്തോടെ വഴുക്കൽ കുറയ്ക്കുന്നു. റോഡ് മോഡ് സുരക്ഷയും പ്രകടനവും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്തി, ദൈനംദിന റൈഡിംഗിന് അനുയോജ്യക്കുന്നു. ഓഫ്റോഡ് പ്രേമികൾക്കായി രൂപകല്പന ചെയ്തിട്ടുള്ള റാലി മോഡ്, നിയന്ത്രിത സ്ലിപ്പ് വാഗ്ദാനം ചെയ്യുന്നു.

